മലയാള പുരോഗമന വാരിക

## വിഷയവിവരം.


തെളിവിറങ്ങട്ടെ—(കവിത) പി. ഭാസ്കരൻ 3

നേരിയസംതൃപ്തി—(കവിത) മണ്ണാലത്തു ശ്രീധരൻ 3

ജൂസേപ്പറങ്കി—(ചെറുകഥ) പോഞ്ഞിക്കര റാഫി 4

ബാബാ ഗുർമുഖ്സിങ്ങ്—(ജീവചരിത്രം)
എൻ. കെ. മേനോൻ ബി. ഏ. 7

കക്ഷിവിരോധം—(ലേഖനം) ആർ. സുഗതൻ 9

ഗ്രന്ഥവിഹാരം—
കെ. സി. സഖറിയാ എം. ഏ., എൽ. എൽ. ബി. 11

പതിമൂന്നാംപേജ്— ബാലൻ 13

പുറമേ [illegible] വഴി—(ലേഖനം)
വി. വി. കെ വാല[illegible] 15

മധുവിധു—ചെറുകഥ
ആർ. എസ്സ്. കുറുപ്പ് ബി. ഏ. എൽ. റ്റി. 17

വേശ്യകൾ—(ലേഖനം)
ഡി. ശ്രീമാൻ നമ്പൂതിരി 18

കൊടുങ്കാററിൽ—(കവിത) കെ. ആർ. മച്ചിങ്ങൽ 20

ഇംസിസിസം—(ലേഖനം) വക്കം അബ്ദുൽഖാദർ 21

ഭയഹേതു—(കവിത) ഇമ്പരപ്പള്ളി 22


XXV (23)

January 20, 1946

# ഒന്നാംസമ്മാനം 200 ക

## രണ്ടാംസമ്മാനം 50 ക. മൂന്നാംസമ്മാനം 25 ക.

1) — — ൻ. നവഗ്രഹങ്ങളിൽ ഒന്നു്.
2) — ള്ള് ഏവർക്കും അനിഷ്ടമാണു്.
3) — ക്ക് എല്ലാവർക്കും ഇതാവശ്യമാണു്.
4) — ക — രം എന്നു് അവസാനിക്കുന്ന ഒരു പദം
5) — — മി പക്ഷങ്ങളിൽ ഒന്നു്.
6) — — ദ — കൂടപ്പിറപ്പ്.

**ചിത്രോദയം** മാനേജരെ ഏല്പിച്ചിരിക്കുന്ന സീൽവച്ചിരിക്കുന്ന ഉത്തരത്തോടൊത്തു ശരിയായി ഉത്തരം കിട്ടുന്നവർക്കു ഒന്നാംസമ്മാനം. ഒരു തെററു വരുത്തുന്നവർക്കു രണ്ടാംസമ്മാനം. രണ്ടുതെററുകാർക്കു മൂന്നാംസമ്മാനം. ഒരു ഡാഷിനു ഒരു അക്ഷരം ഉപയോഗിച്ചു പൂരിപ്പിക്കാം, ഉത്തരം വെള്ളക്കടലാസിൽ എഴുതണം. ഉത്തരം അയയ്ക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസം വ്യക്തമായി ഉത്തരക്കടലാസിൽ തന്നെ കുറിക്കുക. ഒന്നാംസമ്മാനം ലഭിക്കുന്നവരെ കമ്പിമൂലം വിവരം അറിയിക്കുന്നതായിരിക്കും. ആദ്യത്തെ ഉത്തരത്തിനു് 8 ണ. പിന്നീടുള്ള ഓരോ ഉത്തരങ്ങൾക്കും 4 ണ. വീതം. പണം മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ അഞ്ചൽ ഒരു ചക്രസ്റ്റാമ്പായോ തപാൽ മുക്കാൽ അണ സ്റ്റാമ്പായോ അയയ്ക്കാം. കമ്പനിയിലരുടെ തീരുമാനം അന്ത്യതീരുമാനമായിരിക്കും. അനാവശ്യ എഴുത്തുകൾക്കു മറുപടി അയയ്ക്കുന്നതല്ല. പണത്തോടുകൂടിയല്ലാത്ത ഉത്തരങ്ങൾ സ്വീകരിക്കുകയില്ല. ജൂപ്പിററർ ചിത്രപ്രശ്നം നമ്പർ '2' എന്നു പ്രത്യേകം കവറിൽ കുറിക്കണം. ഒരാൾക്കു് ഒന്നിലധികം സമ്മാനം കൊടുക്കുന്നതല്ല. ഒരു സമ്മാനത്തിനു ഒന്നിലധികം സമ്മാനാർഹരുണ്ടെങ്കിൽ സമ്മാനം സമമായി വീതിക്കും.

ഒന്നാംനമ്പർ ചിത്രപ്രശ്നത്തിന്റെ ഉത്തരം ജനുവരി 13-ാംനു-യിലെ ചിത്രോദയത്തിൽ പരസ്യം ചെയ്യുന്നതായിരിക്കും.

Closing Date 2nd Feb. 1946

## മാനേജർ ജൂപ്പിററർ പദപ്രശ്നം 2

## കോട്ടയം P. O.

## ഞെട്ടിവിറയ്ക്കട്ടെ!

(പി. ഭാസ്കരൻ)

കാഴ്ചവെച്ചീടി ബെൽസെൻ മൃഗങ്ങളെ* നീതി തൻ
കരതലം വീണ്ടുമുയർത്തുകയായ്.
കുറ്റമറ്റ ദേശാഭിമാനത്തെ കൽത്തുറു-
ങ്കറയിലിട്ടത്യുഗ്ര മർദ്ദനത്താൽ,
നര കത്തിച്ചാടിച്ച രക്തദാഹികളിൽ
കരചരണങ്ങൾ കഴുകിയോരാം
മനുജപ്പിശാചുക്കൾക്കെല്ലാം കഴുത്തറു,
ജനകീയശക്തി തൻ വാൾത്തലപ്പാൽ!
അധികാരമദ്യം കുടിച്ചു മതിമറ-
ന്നനുദിനം മർദ്ദനവൃത്തികളാൽ,
സഹജന്റെ രക്തത്തിൽ കൈകൾ ചുവപ്പിച്ചോ-
രവനിയിലുള്ളേടമുള്ള പക്ഷം,
വിളറട്ടെ, ഞെട്ടി വിറയ്ക്കട്ടെ, കാലം വ-
ന്നലറുമീ ശിക്ഷണ വാർത്ത കേൾക്കെ!!
അവരന്ന് "ബെൽസനിൽ" മർദ്ദനയക്ഷിക്കു
നവമായ നർത്തനവേദി നാട്ടി!
ഉലയുന്ന ചൂരലാൽ, ലാത്തിയാൽ, മുഷ്ടിയാൽ
തലക്കൂർത്ത കുന്തത്താൽ, തോക്കുകളാൽ
പട്ടിണിയാം ചുട്ട ദേഹങ്ങളന്നവർ
തടവറയ്ക്കുള്ളിലായ് വീഴ്ത്തിടുമ്പോൾ,
നിരപരാധികളാലംബഹീനരായ്
നിശിതമാം വേദനയേറ്റിടുമ്പോൾ,
മദമത്തചിത്തരാം കാക്കിയുടുപ്പുകൾ
മനുജരക്തത്തിൽ കുളിച്ചാടുമ്പോൾ,
കരുതിയിരിക്കില്ലവരാ, കഴനാൾകൾ,
വിരുതേറും ഭാവി തൻ വിധിയെഴുത്ത്!!
*വിധിനടത്തുന്നവരവസാനം നാട്ടാർ തൻ
വിധികേൾക്കാനായിട്ടിരുന്ന കൂട്ടിൽ!
അവിടെ നാം കണ്ടെത്തി "*ക്രാമറെ",
"*സീഗ്ഗേറെ-
യവരുടെ കിങ്കരസഞ്ചയത്തെ!!
പരിപൂതദേശാഭിമാനത്താൽ ശുദ്ധിക്കം
പരമാണുവെപ്പോലും ദണ്ഡനത്താൽ,
ഉഴികളും രക്തത്തിൽ മുക്കിയ ദുഷ്ടർ

## നേരിയ സംതൃപ്തി

(മണ്ണാലത്ത് ശ്രീധരൻ)

ജീവിതമാമരണ്യം, ബഹുഭാഗധേയം കേളും
താപക്കടലിന്നസീമയില്ലെന്നോർത്തു ഞാൻ
ദുഃഖമില്ലാതെ ... കാലമായ്ക്കണ്ടാൽതുഴ-
ഞ്ഞക്കരപ്പറ്റാനായി സാഹസം ചെയ്തിടുന്നു.
ജന്മത്തിന്നൊരു ... ഞാൻ പൊന്തിടാതെ
ധന്യജീവിതമാർഗ്ഗം ... മന്നറിഞ്ഞില്ല
... മാർഗ്ഗാന്തരീക്ഷത്തെ ... യോദ്ധാക്കൾ
നിന്നതോ ... പ്രഭോധാമം-
മാതൃവാത്സല്യം ... യതാം
മാമകഹൃദന്തരം മധുരീകരിച്ചതും
ഇന്നെനിക്കാശ്വാസത്തിന്നില്ലാതാക്കി
-ന്റെ
ബന്ധുവർഗ്ഗമെൻ ജീവിതവാനിടത്തെ മൂടി.
കണ്ണുനീർ ചൊരിയിക്കും നിസ്വാർത്ഥ ...
... തൻ ... യിൽ പുഴവും
ദുഃഖത്തിന്നില്ല ... കയായി ക്ഷേമ-
മൊരുതൻ ചരിക്കുമച്ചാരുപുഷ്പിതവാടി
ആടോപമാർന്നെന്നുള്ളിൽ ... ചങ്ങല-
യോടലർ ... താണിതകർ
—ന്നാലും
ഇന്നുമീ ... നേർത്ത സംതൃപ്തിമദകര
കണ്ടതിൽമാത്രം; പൂകാൻ സാദ്ധ്യമായില്ലെ-
ന്നാലും

---

കഴുമരമിന്നവർക്കു മാല ചാർത്തി!!
അയ്യോ ഞെട്ടിവിറയ്ക്കട്ടെയങ്ങിങ്ങു-
മവനിയിൽ നിൽക്കും മർദ്ദകന്മാർ!!

---

* കുപ്രസിദ്ധമായ ബെൽസൻ കോൺസെൻട്രേഷൻ ക്യാമ്പിലെ നാസി കാവൽക്കാർ.

* സീഗ്ഗേറ് — മജിസ്ട്രേറ്റ്.

* ക്രാമർ— ബെൽസെൻ ക്യാമ്പിലെ കമാൻഡറായിരുന്ന ജോസഫ് ക്രാമർ.

—:—

# ജൂസേപ്പാങ്കി!

(പോഞ്ഞിക്കര റാഫി)

ചുമ! ചുമ! നെഞ്ചത്തുനിന്നു പറിഞ്ഞുവരുന്ന കഫം... സിങ്കർ മെഷീന്റെ അടുത്തുനിന്നു തുപ്പുവാൻ എണീറ്റു എണീറ്റു ജൂസേപാങ്കി തോറ്റു.

എത്ര നേർച്ചകളാണു നേർന്നതു?

"വല്ലാർപാടത്തമ്മയ്ക്കു രണ്ടു മെഴുകുതിരി. കൊച്ചുത്രേസ്യ പുണ്യവാളത്തിയ്ക്കും രണ്ടു മെഴുകുതിരി. നാലു മെഴുകുതിരിയും കൊണ്ടുപോയി കത്തിച്ചു.

എന്നിട്ടും ആ ചുമ മാറുന്നില്ല... അവസാനിക്കാതെ, നനവുതട്ടിയ പാളിപ്പടക്കംപോലെ നിമിഷങ്ങളിലൂടെ ഇടതടവില്ലാതെ ചുമയും കഫവും. ജൂസേപാങ്കിയ്ക്കു ശുണ്ഠിവന്നു.

"പണ്ടാരംപിടിച്ച ഒരു ചൊമ വന്നുകൂടിയേക്കണു—" സിങ്കർമെഷീന്റെ അടുത്തുനിന്നു തുപ്പുവാൻ എണീറ്റു എണീറ്റു തോറ്റ ജൂസേപാങ്കി പറഞ്ഞു.

"എനിക്കു തേയിച്ചം കേറണൊണ്ടു— അല്ലേ പറഞ്ഞപോലെ മെഴുകുതിരി കത്തിച്ചിട്ടു ഈ പണ്ടാരംപിടിച്ച ചൊമ പോകാത്തതു കണ്ടോ..."

കിഴങ്ങു പുഴുങ്ങിയതും കപ്പലണ്ടി വറുത്തതും ചക്കപ്പഴവും ഉണക്കക്കൊലയും നിരത്തിയിട്ടുള്ള മുറ്റത്തിന്നരികിൽ ഇരിക്കുന്ന കിണുക്കിയായ ഭാര്യ ഈച്ചക്കൂട്ടത്തെ ഓടിക്കുന്നതിന്നിടയിൽ പറഞ്ഞു;

"ഞാൻ നേർച്ചനേർന്നിട്ടു ഒരാഴ്ചയല്ലേ ആയിട്ടുള്ളു. രണ്ടുമൂന്നു ദെവസംകൂടികഴിയട്ടെ പോകും."

രണ്ടുമൂന്നു ദിവസംകൂടി കഴിയുമ്പോൾ ചുമ മാറുമെന്നു ഭാര്യ പറഞ്ഞപ്പോൾ ജൂസേപാങ്കിയുടെ ഹൃദയത്തിൽ വിചിത്രമായ വിചാരങ്ങളൊന്നും കരുത്തില്ല....

വല്ലാർപാടത്തമ്മയും കൊച്ചുത്രേസ്യ പുണ്യവാളത്തിയും ജൂസേപാങ്കിയുടെ അപേക്ഷയുമായി സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ എത്തുവാനാണോ രണ്ടുദിവസംകൂടി വേണ്ടതു? അല്ലെങ്കിൽ ആയിരമായിരം അപേക്ഷകളുടെ മുമ്പിലിരിക്കുന്ന ദൈവത്തിന്റെ പക്കൽ ജൂസേപാങ്കിയുടെ അപേക്ഷ കിട്ടുവാനോ?... ഇങ്ങനെയുള്ള യുക്തിവാദപരമായ ചോദ്യങ്ങളൊന്നും ജൂസേപാങ്കി ചോദിച്ചില്ല.

"കൊടുത്ത നേർച്ച പോരാഞ്ഞിട്ടായിരി...." ജൂസേപാങ്കി പറഞ്ഞു ചുമ! ചുമ! ...

എണീറ്റു മുറ്റത്തു കഫം തുപ്പിയിട്ടു ജൂസേപാങ്കി, തന്നോടു കൈക്കൂലി വാങ്ങിയിട്ടും കേസു തീർക്കാത്ത നിർദ്ദയനായ പോലീസ് സബ്ഇൻസ്പെക്ടറെക്കുറിച്ചു ഒരാൾ പറയുന്നതുപോലെ പറഞ്ഞു.

"ഇഞ്ഞി കൂടുവാനുള്ള പണമോ, കോഴിനേ ഒക്കെ കിട്ടാനാണെന്നാണു തോന്നണെ ഈ പണ്ടാരംപിടിച്ച ചൊമ മാറാത്തതു......"

അപ്പോൾ അടുത്തുള്ള മലയാളംപള്ളിക്കൂടത്തിൽനിന്നു വന്ന കുട്ടികൾക്കു കപ്പലണ്ടിയും ചക്കപ്പഴവുമൊക്കെ എടുത്തു കൊടുക്കേണ്ടിവന്നതുകൊണ്ടാണു ഭാര്യ ഒന്നും പറയാതിരുന്നതു.

ചുമ! ചുമ!... എണീറ്റു തുപ്പിയിട്ടു ജൂസേപാങ്കി പറഞ്ഞു;

"എന്തൊരു പണ്ടാരംപിടിച്ച ചൊമയാണിതു— എനിക്കു തേയിച്ചം കേറിയാ പിന്നെ നേർച്ചേമില്ല— ഒരു തേങ്ങായുമില്ല ...."

തലയിൽ "കുറുകിറെ" എന്നു മാന്തിത്തപ്പിത്തപ്പി ഒരു പേനെടുത്തു ഇടത്തെ തള്ളവിരലിന്റെ നഖത്തിന്മേൽ വച്ചു വലത്തേതുകൊണ്ടു പൊട്ടിച്ചു കൊന്നുകഴിഞ്ഞ ഭാര്യ, ആ കൈ കൊണ്ടുതന്നെ ചക്കപ്പഴത്തിൽ പിടിച്ചിരുന്ന പൊല്ലു എടുത്തുകളയുന്നതിന്നിടയിൽ പറഞ്ഞു:

"തേയിച്ചംകേറി ദൈവദൂഷണം പറ— എന്നിട്ടു ദൈവത്തിന്റെ കോപമുണ്ടായിട്ടു പിന്നെ നേർച്ച എത്ര കൊടുത്താലും ദൈവം കേൾക്കാതേം കാണാതേമിരിക്കണം..."

ഭയത്തിൽ നിന്നെന്നോണം ഒരു വിചിത്രമായ പരിഭ്രമം ആ സ്ത്രീയെ ബാധിച്ചുകാണായി.

അപ്പോഴും ജൂസേപാങ്കിയ്ക്കു ചുമ വന്നു. എണീറ്റു തുപ്പിയിട്ടു ജൂസേപാങ്കി പറഞ്ഞു.—

"ദൈവദൂഷണമൊന്നും പറയാഞ്ഞിട്ടാണു— ഇഞ്ഞി അതു പറയിപ്പിക്കും......."

"എഞ്ഞേം" തഞ്ഞേ "ഓർക്കണ്ടേ—" ഒരു വലിയ കാര്യം ഓർമ്മവന്ന ആ സ്ത്രീ കടന്നുപറഞ്ഞു;

"അഞ്ചുകുഞ്ഞുങ്ങളെ ഓർത്തെങ്കിലും ദൈവത്തെ ഇശി പറഞ്ഞു ശാപംമേടിക്കല്ലേന്നു ഞാൻ പറേണൊണ്ടിട്ടാ......."

മുടിയിഴയിൽ തൂങ്ങിക്കിടക്കുന്ന ദൈവശാപത്തിന്റെ ചോട്ടിലാണു തന്റെ കുടുംബമെന്ന

വിചാരം ആസ്ത്രീയെ വിറകൊള്ളിച്ചു... ദ്വേഷ്യം കൊണ്ടു ഭർത്താവു ദൈവദൂഷണം പറഞ്ഞാൽ! ആസ്ത്രീ ഓർത്തു: ദൈവഹിതത്തിനെതിരായി മനസ്സിൽ വിചാരിച്ചതുമൂലമല്ലേ മാലാഖമാരെ കൊമ്പും വാലും കറുപ്പുനിറവും കൊടുത്തു വിരൂപികളാക്കി— പിശാചുക്കളാക്കി— നരകത്തിലെ ആഴത്തിലേയ്ക്കെറിഞ്ഞതു്? വിലക്കപ്പെട്ട പഴം തിന്നതിനാലല്ലേ ദൈവം ആദാമിനേയും അവ്വായേയും പറുദീസായിൽ നിന്നു് ആട്ടിപ്പുറത്താക്കിയതു്? പാപം ചെയ്തവരെയൊക്കെയും ജലപ്രളയം കൊണ്ടു് നശിപ്പിച്ചതും... അങ്ങനെ പള്ളിയിലെ അച്ചന്മാരും കാരണവന്മാരും പറഞ്ഞിട്ടുള്ളതോർക്കുന്തോറും ആ അഞ്ചു കുട്ടികളുടെ അമ്മ പരവശയായി... മൂത്തതു നാലും പെൺകുട്ടികളാണു്. പതിനാറു്, പത്തു്, ഒമ്പതു്, അഞ്ചു്,— ഇങ്ങനെയുള്ള പ്രായം. ആൺകുട്ടിക്കു രണ്ടു വയസ്സേയുള്ളു...... തന്റെ കുടുംബത്തിന്റെ നേർക്കു ദൈവകോപം ഉണ്ടായാൽ— ആസ്ത്രീയുടെ മാതൃഹൃദയം ഭീകരങ്ങളായ അനുഭവങ്ങളെ കണ്ടുതുടങ്ങി...... നീണ്ടമുടിനാരിൽ ദൈവകോപം തലമുറകളിൽ തൂങ്ങിക്കിടക്കുകയല്ലേ?

ഛേ! ഛേ! ഛേ! ജുസേപ്പാങ്കി കഫം തുപ്പുവാൻ എണീക്കുകയായിരുന്നു.

അയാളെന്തെങ്കിലും ദൈവദൂഷണം പറയുമെന്നു പേടിച്ച ഭാര്യ പെട്ടന്നു പറഞ്ഞു:

"ഒരു ശെരട്ടേ മണ്ണിട്ടു മാശിന്റടുത്തു വച്ചാ അപ്പോഴപ്പ തുപ്പാനായിട്ടെണീക്കണ്ടല്ലൊ"

അതു നല്ല കാര്യമാണെന്നു ജുസേപ്പാങ്കിക്കും തോന്നി.

"എന്നാ ചിരട്ടകൊണ്ടുവാ—" ജുസേപ്പാങ്കി ദ്വേഷ്യപ്പെട്ടു: "അല്ലെങ്കിൽ ഞാൻ പോയി എടുത്തു കൊണ്ടുവന്ന വക്കണോ...?"

"മേരിയമ്മേ, മേരിയമ്മേ,—" ഭാര്യ വിളിച്ചു പറഞ്ഞു.

"ഒരു ശെരട്ട കൊണ്ടേന്നണേ!"

പതിനാറു വയസ്സുള്ള മേരിയമ്മ ചിരട്ട കൊണ്ടുവന്നു. വെളുത്തു ആരോഗ്യപൂർണ്ണമാണു് ആ ശരീരം. പച്ചയിൽ ചെറിയ വെള്ളപ്പുള്ളികളോടു കൂടിയ "കവായ"യുടെ കൈകൾ മുട്ടിനു മുകളിൽ ചുരുട്ടി വച്ചിരിക്കുകയാണു്. ചുവപ്പുനിറത്തിലുള്ള കള്ളിമുണ്ടു്. വളർന്ന മാംസളങ്ങളായ മാറിടങ്ങൾ ഉണർത്ത സ്വപ്നങ്ങളെപ്പോലെ... ജുസേപ്പാങ്കിയുടെ ഹൃദയകപോതം മധുരസ്മരണകളുടെ മേഘമാലകളെ ചുംബിച്ചുകൊണ്ടു ഭൂതകാലവിഹായസ്സിലേക്കു പറന്നു... പുതിയൊരു[illegible]ി! അ

പുതിയ അനുഭവങ്ങൾ! ഇക്കിളികൾ! ആളുരുട്ട—അതിന്റെ മറവിൽ കൊച്ചുമുറിയിൽ. ഓർമ്മകൾ! യുഗങ്ങളുടെ ദൈർഘ്യമേറിയ ഏതാനും നിമിഷങ്ങൾ!!

മമ്മ പറഞ്ഞതുപോലെ ചിരട്ടയിൽ മണ്ണു നിറച്ചു മേരിയമ്മ മെഷീന്റെ അരികിലേക്കു വയ്ക്കുകയായിരുന്നു. അതു കണ്ട ജുസേപ്പാങ്കിയുടെ ഹൃദയം ഓർമ്മകളിൽനിന്നു യഥാർത്ഥ്യത്തിന്റെ നേർക്കിറങ്ങി. ആ ഇക്കിളികളുടെയും അനുഭവങ്ങളുടെയും ഫലം! വിവാഹം കഴിഞ്ഞ കാലത്തെ തന്റെ ഭാര്യ ഇരുന്നതുപോലെ മേരിയമ്മ. ഭാര്യയുടെ മുഖത്തുണ്ടായ ആ ലജ്ജ കൂടി മേരിയമ്മയുടെ വദനത്തിൽ പറ്റിപ്പിടിച്ചിരിക്കുന്നു.

തലകുനിച്ചു ഒരു സ്വപ്നമെന്നോണം മേരിയമ്മ അകത്തേക്കു പോയി.

അപ്പോൾ മറ്റൊരു കാഴ്ച ജുസേപ്പാങ്കിയുടെ കണ്ണുകളെ ആകർഷിച്ചു. അങ്ങേക്കലെ ഒരു പൂങ്കോഴി കൂകിയിട്ടു അനുരാഗമധുരമായ, മൃദുലസ്വരം പുറപ്പെടുവിക്കുന്നു. മേരിയമ്മയുടെ വെളുത്ത പിടക്കോഴി ഒരു നോട്ടം കൊണ്ടു തന്റെ ഹിതം കാമുകനെ വ്യക്തമാക്കി. ആവേശഭരിതനായി, ആ പ്രേമസാമ്രാട്ടു വാണം വിട്ടതുപോലെ ഓടിയണഞ്ഞു. ഇഷ്ടക്കാരി ഇരുന്നു കൊടുത്തു.......

തീവ്രമായ ഒരു വികാരം! ജുസേപ്പാങ്കി ഒന്നു ഞെട്ടി... ....
നിശ്ശബ്ദമായ നിമിഷങ്ങൾ!!

ജുസേപ്പാങ്കി ആ ചിരട്ടയിൽ തുപ്പി. തുപ്പുവാൻ വേണ്ടി എണീക്കേണ്ട

"ഇപ്പഴത്തെ എളുപ്പോണ്ടു്......" ഭാര്യ പറഞ്ഞു.
"ഉം" ജുസേപ്പാങ്കി മൂളി

* * *

"ജുസേച്ചി എന്നധിക്രമമാണു് ചെയ്തുവച്ചേക്കണതു്—" രണ്ടു ദിവസം കൂടികഴിയുമ്പോൾ "മണവാളൻ" ആകുവാനുള്ള സണ്ണി കൈയിലിരുന്ന പൊതിയഴിച്ചു.

കുറച്ചു മുമ്പു താൻ തന്നെ കൊടുത്തയച്ച ഷർട്ടു് ജുസേപ്പാങ്കി കണ്ടു. താൻ എന്തധിക്രമം ചെയ്തെന്നാണു് സണ്ണി പറയുന്നതു്? കാര്യമറിയാതെ ജുസേപ്പാങ്കി മിഴിച്ചു നോക്കിക്കൊണ്ടിരുന്നു.

ഷർട്ടിന്റെ പുറകിലെ പുതുക്കമേറിച്ചുവച്ചിരുന്നതു്, ഇന്നലെ നിരത്തി അങ്ങോട്ടും ഇങ്ങോട്ടും കീറിയിരിക്കുന്നതു്—എല്ലാം

സണ്ണി കാണിച്ചു.

"എന്തധിക്രമമാണു താൻ കാണിച്ചുവച്ചിട്ടുള്ളതു്"— സണ്ണി കൂട്ടിച്ചേർത്തു: "കല്യാണത്തിനുള്ളതാണെന്നു— ഒരു മണവാളനിടേണ്ട ഷർട്ടാണെന്നു് ഓർക്കാതെ ഇങ്ങനെ തെച്ചു വച്ചല്ലോ തോന്നിയതുപോലെ ചെയ്യും! എന്തായാലും എനിക്കതു വേണ്ട. ഇതു വാങ്ങിക്കൊണ്ടുപോയി വേറെ തുന്നിയെങ്കിൽ മേടിച്ചു തരാതെ ഒരു നിവൃത്തിയുമില്ല."

ഒരു നിമിഷനേരത്തേക്കു ജൂസേപറങ്കി ഒന്നും മിണ്ടിയില്ല......

എന്താണു ചെയ്യുക?

"ഇപ്പോം ഇരുപത്തഞ്ചു കൊല്ലമായി ഞാൻ ഈ ജോലിചെയ്യുന്നിട്ടു്— ഇതുവരെ എന്റെ വേലയ്ക്കു് ആരും ഒരു കുറ്റം പറഞ്ഞിട്ടില്ല......."

ഹ! ഹ! ഹ! ......ചിരട്ടയെടുത്തു കഫം തുപ്പിയിട്ടു ജൂസേപറങ്കി തുടർന്നു!

"ഈ പണ്ടാരം പിടിച്ച ചൊമ വന്നതിനു ശേഷം തലയ്ക്കൊരു വെളിവുമില്ലാത്തതു പോലെയാണു്— ചൊമച്ചു. മെഷീൻ നട്ടം തിരിക്കയാണു്......."

പുതുക്കി മറിച്ചു തുന്നിക്കൊടുക്കാമെന്നു ജൂസേപറങ്കി പറഞ്ഞു. പക്ഷെ, സണ്ണി അതു സമ്മതിച്ചില്ല. തുണിയുടെ വിലയായ നാലര ഉറുപ്പിക ഉടനെ കിട്ടണമെന്നു ആ ആസന്ന മണവാളൻ ശഠിച്ചു.

ഒടുവിൽ ഭാര്യയുടെ കൈയിൽ നിന്നു നാലര ഉറുപ്പിക കടം മേടിച്ചു ജൂസേപറങ്കി സണ്ണിക്കു കൊടുത്തു.

* + *

ജൂസേപറങ്കിയുടെ ദുർഭാഗ്യം പോലെ നാട്ടിലാകെ പരന്നു, ആയാളുടെ തുന്നൽ മോശമാണെന്നു്. ആയാൾക്കു വെട്ടുവാനറിഞ്ഞുകൂടാ! പറയുന്നതു പോലെ തുന്നുകയില്ലത്രേ!

തെരുവിന്റെ കടയിൽ നിന്നു ഒരു ഫർലാങ്ങു് അകലെയായി ഗോപാലൻ എന്നൊരാൾ മിഷ്യൻ കൊണ്ടു് വന്നിരുന്നതു ജൂസേപറങ്കി കണ്ടു

ആ കടയുടെ മുമ്പിൽ ഒരു ബോർഡു് തൂക്കിയിട്ടുണ്ടു്

New Tailoring Hou e
Manager K. Gopalan

ജോലിക്കാരൊക്കെയും ന്യൂടെയിലറിങ്ങ് ഹൌസ്സിലേക്കൊഴുകി.......

നല്ല ഒന്നാന്തരം തുന്നൽക്കാരനാണു് ഗോപാലൻ! പറയുന്ന ഫാഷനിൽ അയാൾ തുന്നും! —ഇങ്ങനെ നാട്ടുകാർ പറയുന്നതു ജൂസേപറങ്കിയും കേട്ടു.

തനിക്കു ജോലി ഒന്നും തരാത്ത നാട്ടുകാരെ കുറിച്ചു ജൂസേപറങ്കി പറഞ്ഞു:

"നന്ദികെട്ട ശവങ്ങളാണു് നാട്ടിലുള്ളവരൊക്കെ— ഇരുപത്തഞ്ചു കൊല്ലമായില്ലേ ഞാനിവിടെത്തന്നെ ഇരുന്നു ജോലി ചെയ്യാൻ തുടങ്ങീട്ടു്......... എന്നിട്ടു് ഇപ്പൊ പുതിയ പീടിക വന്നപ്പോ എല്ലാവരും അങ്ങോട്ടാണു പോകുന്നതു്... എന്താണു് ഈ പുതിയ പീടിക ഉണ്ടായതു്?"

ഭാര്യ ഒരു സമാധാനവും പറഞ്ഞില്ല കണ്ണുനീരോടെ അങ്ങനെ ഇരുന്നതേയുള്ളു.

* * *

ആദ്യമായി അതു കണ്ടപ്പോൾ ജൂസേപറങ്കി നിയന്ത്രിക്കുവാനാകാതെ കരഞ്ഞുപോയി.

മറിയമ്മയുടെ താഴെയുള്ള ത്രേസ്യാമ്മയും ളൂസിയും അകത്തുനിന്നു വഴക്കടിക്കുന്നതു കേട്ടു ജൂസേപറങ്കി ഉറക്കെ ശകാരിച്ചു തീർന്നതും ഒരു ചുമ! പാളിപ്പൊട്ടുംപോലെ നീണ്ടുനിന്ന ചുമകൾ....... ജൂസേ പറങ്കി വാവിട്ടു കരഞ്ഞുപോയി. ഭാര്യയും കരഞ്ഞു മറിയമ്മ, ത്രേസാമ്മ, ളൂസി, പൗളി—എന്നിവരും വന്നു പപ്പയുടെ ചുറ്റും കൂടി നിന്നു കരഞ്ഞു. അമ്മയുടെ കൈയിലിരിക്കുന്ന മത്തേവൂക്കുട്ടിയും നിലവിളിച്ചു......അങ്ങനെ ഒരു കൂട്ടനിലവിളി ഉയർന്നു.

അയലക്കത്തുള്ളവർ ഓടിക്കൂടി.

ജൂസേ പറങ്കി ചുമച്ചു തുപ്പിയതു് ചോര!!

* * * *

അങ്ങനെ ജൂസേ പറങ്കി കിടപ്പിലായി...

ഒച്ച പതിഞ്ഞു തുടങ്ങിയ ജൂസേ പറങ്കിയെ വൈദ്യൻ ചികിത്സിക്കുന്നുണ്ടു്. പറയുന്ന മരുന്നുകൾ ജൂസേ പറങ്കി കഴിച്ചു.......മിഷ്യൻ പണയം വച്ചു അമ്പതുറുപ്പികവരെ വാങ്ങിയ വിശേഷം ജൂസേ പറങ്കിക്കറിയാം.

"ഇനി മിശീൻ വെലക്കു കൊടുക്കേണങ്കി മതീന്നു പറേണു്— ഇരുപത്തഞ്ചുറുപ്പാ കൂടി തരും— അല്ലേ അമ്പതുറുപ്പാ കൊടുത്തിട്ടു മിശീൻ എടുക്കണോന്നു്"....ഭാര്യ പറഞ്ഞു

"എഴുപത്തഞ്ചുറുപ്പികക്കു കൊടുക്കാൻ— "ദേഷ്യം വന്ന ജൂസേപറങ്കി പറഞ്ഞു. "കൊണ്ടാ, ഇങ്ങനെ ചതിക്കാനു വച്ചാ......"

പൂർണ്ണമാക്കുവാൻ കഴിഞ്ഞില്ല. ചുമകൾ!

പുതിയ മെഷീനായിരുന്നില്ലേ? വാങ്ങിയിട്ടു രണ്ടു വർഷമേ ആയിട്ടുള്ളു. ഒരു കൊല്ലം മാത്രമേ അതിൽ ജോലി ചെയ്തിട്ടുള്ളു. ഒരു കൊല്ലമായി പണയം വച്ചിട്ടു്. പണയം വയ്ക്കുന്ന കാലത്തു് നൂറ്റിഅമ്പതുറുപ്പിക വിലകിട്ടുവാനാളുണ്ടായതാണു്. ഇപ്പോൾ എഴുപത്തഞ്ചുറുപ്പിക മാത്രം.........

(ശേഷം പത്തൊമ്പതാം പേജിൽ

ജീവചരിത്രപംക്തി

# ബാബാ ഗുർമുഖ് സിങ്ങ്

(എൻ. കെ. മേനോൻ ബി. എ)

സംഭവബഹുലങ്ങളായ മുപ്പതു വർഷങ്ങളുൾക്കൊള്ളുന്ന ഒന്നാണ് ബാബാഗുർമുഖ്സിങ്ങിന്റെ ജീവിതം. പതിനേഴ് കൊല്ലം ഭയങ്കരമായ കാരാഗൃഹവാസമനുഭവിച്ച് ഇന്നും ലയൽപുരിലെ ജയിലിൽ കിടന്ന് നരകിക്കുന്ന ഈ വന്ദ്യവയോധികൻ ഭാരതീയ വിപ്ലവ പ്രസ്ഥാനത്തിന് തന്നെ ഒരഭിമാനസ്തംഭമായിട്ടാണ് നില കൊള്ളുന്നത്.

മദ്ധ്യപഞ്ചാബിലെ ഏതൊരു സിക്ക് നിയോജകമണ്ഡലത്തിൽനിന്നും ബാബാജിയെ നിഷ്പ്രയാസം തിരഞ്ഞെടുത്തയയ്ക്കുവാൻ കഴിയുമായിരുന്നു. എന്നാൽ, അവിടത്തെ സാമ്രാജ്യഭക്തന്മാരും യൂണിയനിസ്റ്റ് കക്ഷിയും അവരുടെ അന്യായമായ തിരഞ്ഞെടുപ്പ് നിയമങ്ങളാലും ക്രൂരമായ മർദ്ദനനടപടികളാലും അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വത്തെ നിഷേധിക്കുകയാണുണ്ടായിട്ടുള്ളത്. ഒരു ജീവപര്യന്തം തടവിന് ആവശ്യമായ 14 കൊല്ലത്തിന് പുറമെ മൂന്നു വർഷവും കൂടി —അങ്ങിനെ പതിനേഴ് കൊല്ലം—കാരാഗാരത്തിന്റെ കനത്ത ഭിത്തികൾക്കുള്ളിൽ കഴിച്ചു കൂട്ടിയ ഈ വിപ്ലവയോദ്ധാവിന് രാജ്യസേവനത്തിനുള്ള ഒരവസരംപോലും ഇതുമൂലം ഇല്ലാതായിത്തീർന്നിരിക്കുന്നു. മോചനം ലഭിച്ച് പുറത്തുവന്നാൽ, ബാബാജി സ്വന്തം പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടി പ്രവർത്തിക്കുമെന്ന് ഭയന്നാണ് അധികാരികൾ അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വത്തിന് മുമ്പിൽ സാങ്കേതിക പ്രതിബന്ധങ്ങൾ വലിച്ചിടുന്നതും ആ സ്വാതന്ത്ര്യഭടനെ മോചിപ്പിക്കുവാൻ മടിക്കുന്നതും

ലുധിയാനാ ജില്ലയിൽ ഏകദേശം 5 ഏക്കർ നിലം കൈവശമുള്ള ഒരു സാധു കർഷക കുടുംബത്തിലാണ് ബാബാജിയുടെ ജനനം. കുടുംബജീവിത നിർവ്വഹണത്തിനുള്ള ക്ലേശഭാരം മൂലം അദ്ദേഹത്തിന് കാലേതന്നെ സ്വഗൃഹം വിടേണ്ടിവന്നു. അടങ്ങാത്ത സ്വാതന്ത്ര്യതൃഷ്ണയും ഒതുങ്ങാത്ത ദേശസ്നേഹവും സ്വപ്രയത്നത്തിന്റെ വിജയത്തിലുള്ള അടിയുറച്ച വിശ്വാസവും അദ്ദേഹത്തെ വിശ്രമരഹിതമായ ഒരു ജീവിതത്തിലേക്ക് തള്ളിവിട്ടു. കർഷകവർഗ്ഗത്തിന്റെ കഷ്ടപ്പാടുകൾക്ക് നിദാനമായ മൂനാടൻ മേധാവിത്വത്തിന്നെതിരായി അദ്ദേഹം പടപൊരുതിവന്നിരുന്നു. ധീരനായ ഒരു പടയാളിയുടെ മനക്കരുത്തോടുകൂടിയാണ് ബാബാജി രാഷ്ട്രീയരംഗത്തിലേക്കിറങ്ങിയത്.

1914–15 കാലങ്ങളിൽ സംഭവിച്ച ലാഹോർ ഗൂഢാലോചന കേസ്സിൽ രാജ്യദ്രോഹ കുറ്റത്തിന് വിധേയരായ 65 പേരിൽ ബാബാജിയും ഉൾപ്പെട്ടിരുന്നു. തന്മൂലം ഭരണാധികാരികൾ അദ്ദേഹത്തെ ആന്തമാനിലേക്ക് നാടുകടത്തി. 1922 വരെ അദ്ദേഹം അവിടെ തന്നെ കഴിച്ചുകൂട്ടി. ആ രാജ്യത്തിലെ അസഹനീയമായ ജീവിതരീതിക്കെതിരായി സമരം ചെയ്ത് സ്വന്തം സഹപ്രവർത്തകന്മാരുടെ പ്രീതിയും അഭിനന്ദവും അദ്ദേഹം നേടി. ഗുർമുഖ്സിങ്ങിനെപ്പോലുള്ള വിപ്ലവകാരികളുടെ പ്രവർത്തനം ആപൽക്കരമാണെന്ന് ഗ്രഹിച്ച് ആന്തമാനിലെ അധികാരിവർഗ്ഗം അദ്ദേഹമുൾപ്പെടെയുള്ള വിപ്ലവകാരികളെ അപകടകാരരെന്ന നിലയിൽ വീണ്ടും ഇന്ത്യയിലേക്ക് പറഞ്ഞയച്ചു.

രാജമന്ത്രി ജയിലിലേക്ക് സ്ഥലമാറ്റം ചെയ്ത അവസരത്തിലാണ് ബാബാജി രക്ഷപ്പെട്ടത്. ആത്മരക്ഷക്ക് ജനങ്ങളുടെ ദേശാഭിമാനത്തിൽ മാത്രം വിശ്വാസമർപ്പിച്ച ആ വിപ്ലവകാരി പോലീസുകാരാൽ വേട്ടയാടപ്പെട്ട് ഒരുവിധം സ്വദേശമായ പഞ്ചാബിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ഒരു സാധുവിന്റെ വേഷത്തിൽ കുറച്ചുകാലം താമസിച്ചു. അനന്തരം അകാലി പ്രസ്ഥാനത്തിന്റെ സ്വാതന്ത്ര്യ ജാഥയുടെ നേതാവെന്ന നിലയിൽ പ്രശസ്തി നേടിയ തേജാസിങ്ങിനാൽ അനുഗതനായി ബാബാജി സ്വരാജ്യം വിട്ടു. അല്പകാലത്തെ പ്രവർത്തനത്തിനു ശേഷം അവരിരുവരും അഫ്ഗാനിസ്ഥാനിലേക്ക് യാത്രയായി. സ്വതസ്സിദ്ധമായ സാമർത്ഥ്യവും ധൈര്യവും മൂലം പലപ്പോഴും അറസ്റ്റിൽ നിന്ന് രക്ഷപ്രാപിച്ച് ഒരുവിധം അവർ കാബൂളിൽ വന്നുചേർന്നു. അവിടെ അദ്ദേഹം പഞ്ചാബിലെ തൊഴിലാളിവർഗ്ഗത്തിന്റെ പ്രാരംഭവിപ്ലവപത്ര സ്ഥാപകനായ സന്തോഷ് സിങ്ങിനേയും പുതുതായി സ്ഥാപിക്കപ്പെട്ട തൊഴിലാളി ലോകമായ സോവിയറ്റ് റഷ്യയിലെ ഗദർപാർട്ടി പ്രതിനിധിയായ രത്തൻ സിങ്ങിനേയും കണ്ടുമുട്ടി. സന്തോഷ് സിങ്ങിനെ പഞ്ചാബിലേക്കും രത്തൻ സിങ്ങിനെ അമേരിക്കയിലേക്കും പറഞ്ഞയച്ച് ബാബാ

ജികാബൂളിൽ തന്നെ സ്ഥാനം ഉറപ്പിച്ചു. ഇന്ത്യൻ പ്രസ്ഥാനവും വിദേശ ലോകവും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢീകരിക്കുന്നതിനായി 1928 വരെ അദ്ദേഹം അവിടെത്തന്നെ താമസിക്കുകയാണുണ്ടായത്.

അലസരായി കഴിഞ്ഞു കൂടുന്ന പ്രവർത്തകന്മാരെയും അച്ചടക്കലംഘകന്മാരെയും ഒരുപോലെ ആവേശഭരിതരാക്കി പ്രവർത്തിരംഗത്തിലെത്തിക്കുവാനുള്ള വാക്പാടവവും സംഘടനാ ചാതുരിയും അദ്ദേഹത്തിനുണ്ടായിരുന്നു.

1928-ൽ ബാബാജി കാബൂളിൽ നിന്നും പുറപ്പെട്ട് തുർക്കിയിൽ കൂടി അമേരിക്കയിൽ എത്തി. അവിടെ അദ്ദേഹം നിരന്തരമായൊരു പ്രചാരവേലയും നടത്തി തത്ഫലമായി 1928 ആഗസ്റ്റിൽ തന്നെ അദ്ദേഹത്തിനു ആ രാജ്യം വിടേണ്ടിവന്നു. അനന്തരം അദ്ദേഹം പുറപ്പെട്ടത് കാബൂളിലേക്കായിരുന്നു. ലോകപ്രശസ്തിനേടിയ മീററ്റ് ഗൂഢാലോചന കേസ്സിൽ ഉൾപ്പെട്ട വിപ്ലവകാരികളുടെ വിചാരണ നടന്നുകൊണ്ടിരുന്ന ഒരു സന്ദർഭമായിരുന്നു അത്. നൌജവാൻ ഭാരതസഭ ഊർജ്ജിതമായി പ്രവർത്തി ആരംഭിച്ചിരുന്ന ഒരു പരിതഃസ്ഥിതിയായിരുന്നു അത് കൂടാതെ നിയമലംഘനപ്രസ്ഥാനവും പൊട്ടിപ്പുറപ്പെട്ടിരുന്നു. ഈ ഒരു പുതിയ ഉണർവ്വിനെ അടിസ്ഥാനപ്പെടുത്തിയാണ് ബാബാജി അദ്ദേഹത്തിന്റെ ഭാവി പ്രവർത്തനങ്ങൾ ആരംഭിച്ചതു. പഞ്ചാബിലേക്കുള്ള തന്റെ ഇടകാല സന്ദർശനവേളകളിൽ അവിടത്തെ വിവിധ വിപ്ലവകാരികളെ ഒരേ ഒരു സംഘടനയുടെ കീഴിൽ അണി നിരത്തുവാൻ അദ്ദേഹം അത്യന്തം ശ്രമിച്ചിരുന്നു. 1932-ൽ അഫ്ഗാനിസ്ഥാനിൽ നിന്നും പുറത്താക്കപ്പെട്ടപ്പോൾ ഗുർമുഖ് സിങ്ങ് സോവിയറ്റ് യൂണിയനിലേക്ക് പുറപ്പെട്ടു. തൊഴിലാളിവർഗ്ഗം അധികാരം സ്ഥാപിച്ചു കഴിഞ്ഞ ഈ നവ ലോകം ദർശിക്കുവാൻ ലോകത്തിലെങ്ങുമുള്ള വിപ്ലവകാരികൾ അഗ്രഹം പ്രകടിപ്പിച്ചിരുന്ന ഒരു സന്ദർഭമായിരുന്നു അത്. എന്നാൽ ബാബാജിക്കു അവിടെ അധികകാലം താമസിക്കുവാൻ കഴിഞ്ഞില്ല. 1933 ജൂൺ മാസത്തിൽ സർദാർവ്യഷീക് സിങ്ങിനോടൊപ്പം ബാബാജി റഷ്യ വിട്ടു. ഹിന്ദുക്കുഷ് പർവ്വതനിരകളിൽക്കൂടി തിരിച്ചു പോരുമ്പോൾ ഓക്സസ് നദിക്ക് സമീപം അവരെ അറസ്റ്റു ചെയ്തു. അതിൽ നിന്നും മോചനം ലഭിച്ച് യാത്ര തുടരുമ്പോൾ ഇന്ത്യയുടെ അതിർത്തിയിൽ വച്ച് അവരെ വീണ്ടും അറസ്റ്റു ചെയ്ത് ഭയാനകമായ കാബൂൾ ജയിലിലിട്ടടയ്ക്കുകയാണുണ്ടായത് പട്ടിണിയാലും മർദ്ദനത്താലും പലവിധ ദുരിതങ്ങളാലും ക്ലേശിച്ചു കഴിഞ്ഞു പോന്ന ഈ വിപ്ലവകാരികൾ ജയിലധികൃതന്മാരോട് അലസത കൈന്നേ അടരാടുകയാണുണ്ടായത്. അമേരിക്കാ ബെർലിൻ, മോസ്ക്കോ എന്നീ രാജ്യങ്ങളിൽ ഇതിനെ തുടർന്നുണ്ടായ പണിമുടക്കുകളുടേയും പ്രതിഷേധ പ്രകടനങ്ങളുടേയും അലതല്ലലോട് അധികാരിവർഗ്ഗത്തിന്റെ അന്തരംഗം ഒന്നു ഇളകിവശായി.

തത്ഫലമായി ഇതിനകം ലോകപ്രശസ്തി സമ്പാദിച്ചു കഴിഞ്ഞ ഈ രണ്ടു വിപ്ലവയോദ്ധാക്കളും മൂന്നുമാസത്തെ ഭയാനകമായ ജയിൽ ജീവിതത്തിനുശേഷം വിമുക്തരാക്കപ്പെട്ടു.

സോവിയറ്റ്‌യൂണിയൻ അവർക്കു അഭയകവാടം തുറന്നുകൊടുത്തു. 1935 ആഗസ്റ്റിൽ ബാബാജി പഞ്ചാബിലേക്ക് മടങ്ങി അവിടെ നിയമവിരുദ്ധമായി പ്രവർത്തനമാരംഭിച്ചു. ഏറെത്താമസിയാതെ ഒളിവിൽ പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി അദ്ദേഹം ബന്ധപ്പെട്ടു. 1936 സെപ്തംബറിൽ അധികാരികൾ ഈ വൃദ്ധവിപ്ലവകാരിയെ അറസ്റ്റ് ചെയ്യുകയും കഷ്ടതമമായ ലാഹോർ കോട്ടയിലിട്ടടക്കുകയും ചെയ്തു. വാർദ്ധക്യവും നരയും അദ്ദേഹത്തിന്റെ സ്വാതന്ത്ര്യതൃഷ്ണയെ ലേശംപോലും അലട്ടിയിട്ടില്ല. യുവത്വത്തിന്റെ പ്രസരിപ്പും മനഃസ്ഥൈര്യവും ഇന്നും ഈ വന്ദ്യവയോധികനിൽ സ്പഷ്ടമായിക്കാണുവാൻ കഴിയും.

ഇവകൊണ്ടൊന്നും തൃപ്തിയടയാതെ അവസാനമെന്നോണം അധികാരിവർഗ്ഗം ബാബാജിയെ ആന്തമാനിലേക്കു നാടുകടത്തി. അവിടെ അദ്ദേഹം ചരിത്രപ്രസിദ്ധമായ നിരാഹാരവ്രതമനുഷ്ഠിച്ചു. അതിന്റെ ഫലമായി വീണ്ടും അദ്ദേഹത്തെ പഞ്ചാബിലേക്കു മടക്കിയയക്കുകയാണുണ്ടായത്.

അതിൽപിന്നെ ഈ വൃദ്ധവിപ്ലവകാരി പഞ്ചാബിലെ ഇരുമ്പഴികൾക്കുള്ളിൽ ഞെങ്ങിഞെരുങ്ങി കഴിഞ്ഞുപോരുകയാണ്. കഷ്ടതമവും ശോചനീയവുമായ 17 വർഷത്തെ കാരാഗൃഹജീവിതമാണ് അദ്ദേഹത്തിന്റെ ആവേശകരമായ ജീവിതചരിത്രം. അക്രമത്തിനും അനീതിക്കും എതിരായി സമരം ചെയ്തുപോന്നിരുന്ന ഈ സ്വാതന്ത്ര്യയോദ്ധാവിന്നു ഇത്ര വളരെ അധികം കഷ്ടപ്പാടുകളാണ

# കക്ഷിവിരോധം

(ആർ സുഗതൻ)

ജനസമുദായം കക്ഷിസമ്പ്രദായത്തോടുകൂടി ആണു നിലകൊള്ളുന്നതു്, ചിന്തിക്കുന്നതു്; പ്രവർത്തിക്കുന്നതു്. ഇതിനുള്ള കാരണം പലതായിരിക്കാം. ഹിതവും രുചിയും ഫലാപേക്ഷയും ഇതിന്റെ പശ്ചാത്തലങ്ങളായി മിക്കപ്പോഴും കാണാറുണ്ടു്. കക്ഷികൾ തമ്മിൽ അഭിപ്രായഭേദവും അഭിപ്രായത്തിൽ ഐക്യവും ഇതേ അടിസ്ഥാനത്തിൽ പ്രദർശിപ്പിക്കുന്നതും നാം കണ്ടിട്ടുണ്ടല്ലോ? അഭിപ്രായൈക്യം കാര്യസാധ്യത്തിനും സഹകരണത്തിനും സഹായകമായിത്തീരുന്ന ഒന്നാണു്. ഇരുകക്ഷികളുടെയും ഉള്ളുകള്ളികൾ തുറന്നു പറഞ്ഞു ബോധ്യപ്പെട്ടതിനു ശേഷം ഉണ്ടാകുന്ന ഐക്യം കാതലുള്ളതായിരിക്കും അതിനു കരുത്തും കൂടും. തുറന്നു പറയേണ്ട കാര്യങ്ങൾ മറച്ചുവച്ചുകൊണ്ടു നയോപായങ്ങളിലും അന്തർനയങ്ങളിലും കൂടിയുള്ള ഐക്യം വ്യക്തമായ ഭിന്നിപ്പിനേക്കാളും ആപൽക്കരമായിരിക്കും. അകന്നു നില്ക്കുന്ന കക്ഷികൾ തമ്മിൽ അടുക്കുമ്പോഴും, അടുത്തുനിൽക്കുന്ന കക്ഷികൾ തമ്മിൽ അകലുമ്പോഴും ഈമാതിരി ഹൃദയം തുറന്നുള്ള ബോധ്യപ്പെടുത്തലുകൾ എത്രയും ഫലപ്രദമാണു്. അതിശയോക്തികളെക്കൂടി നാണിപ്പിക്കുന്ന വിധം അതിരു കവിഞ്ഞ മാതിരിയുള്ള പ്രസിദ്ധീകരണങ്ങളും കള്ളപ്രചാരവേലകളുംകൊണ്ടു ഇന്നത്തെ ലോകം വസ്തുതകളെ ജനസാമാന്യത്തിൽ നിന്നും മറച്ചുകളയുന്നു. ഈ പരിഷ്കാരമാതൃക കൂടി ചേർന്നാൽ സാധാരണജനങ്ങൾക്കു വസ്തുസ്ഥിതിയുടെ വാസ്തവം കണ്ടുപിടിക്കുവാൻ എത്ര പ്രയാസം നേരിടുമെന്നു പറയേണ്ടതില്ലല്ലോ? കക്ഷികൾ തമ്മിൽ അകൽച്ച, അഭിപ്രായവ്യത്യാസം; തെററിദ്ധാരണ പരത്തൽ, അസഭ്യം പറച്ചിൽ, പ്രഹരം, ശത്രുവിന്റെ പാദശുശ്രൂഷ, വിനാശം എന്നിങ്ങനെ വളർന്നു് ഒടുവിലത്തെ തകർച്ചയിൽ എത്തുന്നതു സാധാരണമാണു്.

അടുത്ത കാലത്തായി ഇന്ത്യയിൽ പരക്കെ ഉയർന്നുവന്നിട്ടുള്ള കോൺഗ്രസ്സ്—കമ്മ്യൂണിസ്റ്റു് വിരോധറിപ്പോർട്ടുകൾ വായിക്കുമ്പോഴെല്ലാം മേൽപ്പറഞ്ഞ ചിന്താഗതി പലർക്കും ഉണ്ടായിട്ടുള്ളതാണല്ലോ? കക്ഷികളുടെ ഇടയിൽ ഈ മാതിരി വിലക്ഷണ നടപടികൾക്കു് എരിവു്" കൂട്ടാൻ ഒരു കക്ഷിയിലും പെടാത്ത ചില "കൂലിത്തല്ലുകാർ" കൂടി ചാടി വീഴാറുണ്ടു്. ഒരു ലക്കം "ചിത്രോദയ"ത്തിൽ മഹാകവി വള്ളത്തോൾ ബോംബെ ലഹളയെപ്പററി ചെയ്ത വാസ്തവകഥനം ഇതിനു മതിയായ തെളിവാണു്. അഹിംസയുടെയും, അക്രമരാഹിത്യത്തിന്റെയും കുത്തകക്കാരെന്നു് അഭിമാനിക്കുന്ന കോൺഗ്രസ്സുകാർ ചില ഇടത്തു കമ്മ്യൂണിസ്റ്റുകളെ ചീത്ത പറയുന്നു. മററു ചിലേടത്തു മലിനവസ്തുക്കൾ വാരി എറിയുന്നു. ചീത്ത പറച്ചിലിനും, തല്ലിനും ഇടയിൽ ഈയിടെ കണ്ടുപിടിക്കപ്പെട്ട "ആററം ബോമ്പു" പോലെ "തുളച്ചു കയറുന്ന" ഒരു പുതിയ തരം പ്രതികാര പ്രകടനമാണു് ഈ നടപടി. കക്ഷിവിരോധം മൂത്താൽ ഇതു് ഇതിലപ്പുറവും ചെയ്യും. ഇതു സംസ്കാരദാരിദ്ര്യത്തിന്റെ മകുടോദാഹരണമാണു്. ലോകവന്ദ്യനായ മഹാത്മജി ശാന്തമായും സൗമ്യമായും തോട്ടിപ്പണി ചെയ്തു കക്കൂസു് വെടിപ്പാക്കി ലോകസേവനമാതൃക കാണിച്ചുകൊടുത്തു, സംസ്കാരദാരിദ്ര്യമുള്ള ശിഷ്യപരമ്പരകൾ കണ്ണൂരിലും മററു സ്ഥലങ്ങളിലും പ്രയോഗത്തിൽ വരുത്തുന്നതു് ഇങ്ങനെയാണു്. കൊള്ളാം, ഗുരുവിന്റെ സന്ദേശം ഇങ്ങനെ തന്നെയാണു് നടപ്പിലാക്കേണ്ടതു്.

ഈ ഉച്ചഭ്രാന്തിലും ഈ വികൃതി അവസാനിക്കുന്നില്ല. രാപകൽ ഇല്ലാതെ കർഷകരുടെയും തൊഴിലാളിവർഗ്ഗത്തിന്റെയും ഇടയിൽ വെന്തു നീറി ഓടി നടന്നു "ടാങ്കു" വേഗത്തിൽ പണിയെടുക്കുന്ന പ്രവർത്തകരെ ദേഹോപദ്രവമേൽപിക്കാനും വിരോധം മൂത്തു കോൺഗ്രസ്സുകാരെന്നു പറയുന്നവർ തുടങ്ങിക്കഴിഞ്ഞു. ഇവരുടെ ഈ പരാക്രമം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ കൈ വയ്ക്കുന്നു എന്നു ഇക്കൂട്ടർ അറിയുന്നേ ഇല്ല.

ഒരുകാലത്തു് ഉദ്യോഗസ്ഥമേധാവിത്വം ഇന്ത്യ

---

സഹിക്കേണ്ടിവന്നിരിക്കുന്നതു്. ഇദ്ദേഹത്തിന്റെ പ്രവർത്തനത്തെ ഭയന്നാണു ഇന്നും ഭരണാധികാരികൾ ഈ വൃദ്ധനെ വിമോചിക്കുവാൻ മടിക്കുന്നതു്. മുനാടൻ മേധാവിത്വത്തിനെതിരായി ഇടതടവില്ലാതെ പടപൊരുതുന്ന ഈ ദേശാഭിമാനിയുടെ ഹൃദയം സ്വാതന്ത്ര്യതൃഷ്ണയുടെ നികേതനമല്ലെന്നു ആരാക്ഷേപിക്കും?

യുടെ മാതൃസംഘടനയായ കോൺഗ്രസ്സിനെതിരായി എടുത്ത നടപടികളാണ് ഈ സ്നേഹിതന്മാർ ഇന്നു കമ്മ്യൂണിസ്റ്റുകൾക്കെതിരായി കൈകാര്യം ചെയ്യുന്നതു്. ഇന്ത്യൻജനതയെ സ്വാതന്ത്ര്യത്തിന്റെ സ്വാദ് ഊട്ടിവളർത്തിയ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ അടിസ്ഥാനം കമ്മ്യൂണിസ്റ്റുകളുടെയും കർഷകതൊഴിലാളി വിഭാഗത്തിന്റെയും ജീവരക്തംകൊണ്ടു പണിയിട്ട് ഉറപ്പിച്ചിട്ടുള്ളതാണ്. ആ അടിസ്ഥാനത്തെ അടിച്ചു പിളർക്കുവാനാണ് ഇന്ന് ഈ സ്നേഹിതന്മാരുടെ കമ്മ്യൂണിസ്റ്റുവിരോധം പൊക്കി ഉയർത്തുന്നതു്. തൊഴിലാളികളുടെയും കർഷകരുടെയും ജീവരക്തംകൊണ്ടു കെട്ടിപ്പടുത്ത ഇന്ത്യൻ ദേശീയസംഘടനയേയും കമ്മ്യൂണിസ്റ്റുപാർട്ടിയേയും ഈ തരം സാഹസങ്ങൾകൊണ്ടു ശിഥിലമാക്കുവാൻ സംഘടിതരായ തൊഴിലാളിവർഗ്ഗം സമ്മതിക്കുകയില്ല. തൊഴിലാളികളുടെ വർഗ്ഗസംഘടനകളെ പിളർക്കുക; അവരുടെയിടയിൽനിന്നു വളർന്നുവന്ന പ്രവർത്തകരെ തല്ലി തല പൊളിക്കുക ഇവയെല്ലാം ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു ഹാനികരമാണ്. ചങ്ങല മുറുക്കുന്ന അടിമകളെക്കാളും മോശപ്പെട്ട നിലയിൽ—സ്വന്തം നാട്ടുകാരെ—സ്വന്തനാടിന്റെ സ്വാതന്ത്ര്യത്തിനും, മോചനത്തിനുംവേണ്ടി പ്രവർത്തിക്കുന്നവരെ—സ്വന്തം കൈകൊണ്ട് അടിച്ചമർത്താൻ തുനിയുന്നവർ ഏതു കക്ഷിയിലാണു ചേർന്നതു്?

തീർച്ചയായും ഉദ്യോഗസ്ഥമേധാവിത്വം കെട്ടിഉറപ്പിച്ച മർദ്ദനയന്ത്രത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ ഇവർ അറിയാതെ ഓടിപ്പോയിനിൽക്കുകയാണ്. കക്ഷിവിരോധം എന്ന വലിയ ലഹരി ഇവരുടെ ബുദ്ധിയുടെ വെളിച്ചം കെടുത്തിക്കളഞ്ഞിരിക്കുന്നു. കക്ഷികൾ—കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ്—എന്ന ഇടങ്ങി വളർന്ന വൈരം, ഇപ്പോൾ ആളുവീതമുള്ള അടിയും വഴക്കുമായി രൂപം മാറുന്നു. വളർന്നുവരുന്ന ജനകീയസ്വാതന്ത്ര്യത്തിന്റെ ഈ മരണമണി മുഴക്കുവാൻ പിറകിൽ ഇരുന്നു ചരടുവലി നടത്തുന്നതാരാണ്?

കഴിഞ്ഞ യുദ്ധകാലത്തു കരിഞ്ചന്തയും, കള്ളക്കച്ചവടവും നടത്തി ലാഭമെടുത്തവർ ഫാസിസ്റ്റു രീതിയിലുള്ള താൻപ്രമാണിത്തവും, അധികാരശക്തിയും പുലർത്താൻ വെമ്പി നടക്കുന്ന [illegible] പ്രമാണികൾ, ജനകീയ ക്യാമ്പുകളിൽ പിളർപ്പുണ്ടാക്കാനാണാഗ്രഹിക്കുന്നു നിക്ഷിപ്ത താൽപര്യക്കാർ, മർദ്ദനായുധങ്ങളും, നിശിത നിയമങ്ങളുംകൂടാതെ ജനങ്ങളെ ഭിന്നിപ്പിക്കുവാൻ കൊതിക്കുന്ന അധികാരിവർഗ്ഗം—ഇവരെല്ലാം ഈ ജനകീയസ്വാതന്ത്ര്യമരണമണിയടിക്കാനുള്ള ചരടു വലിക്കാൻ ഇന്നു തിക്കിത്തിരക്കിക്കൂട്ടുകയാണ്. ഇവരെല്ലാം കോൺഗ്രസ്സ് വിരോധികളല്ല. അതേ അവസരത്തിൽ കൊടിയ കമ്മ്യൂണിസ്റ്റു വിരോധികളാണ്. വടക്കേഇൻഡ്യയിലും, മലബാറിൽ ചിലേടത്തും തൊഴിലാളി യൂണിയനുകളിൽ "എതിർയൂണിയനുകൾ ഉണ്ടാക്കാൻ പരക്കം പാഞ്ഞുനടക്കുന്നതും ഇത്തരക്കാരും ഇവരുടെ ഏജന്റന്മാരുമാണ്." "അഖിലേന്ത്യൻ ട്രേഡ് യൂണിയൻ കോൺഗ്രസ്സ്" ഉള്ളപ്പോൾ തൊഴിലാളിവർഗ്ഗത്തിനു മറ്റൊരു "തൊഴിലാളി കോൺഗ്രസ്സ്" എന്തിനാണ് എന്ന് ഇവരോടു വർഗ്ഗബോധമുള്ള തൊഴിലാളികൾ ചോദിക്കേണ്ടതാണ്.

കർഷകരുടേയും തൊഴിലാളികളുടേയും വളർന്നുവരുന്ന സംഘടനകളെ ഭിന്നിപ്പിച്ചു ദേശീയ ജന്മിമാർക്കും മുതലാളിമാർക്കും തൊഴിലാളികളെ മർദ്ദിക്കാനുള്ള വഴി തെളിക്കുകയാണ് ഇവരുടെ പണി. മഹാന്മാരായി പ്രകീർത്തിക്കപ്പെടുന്ന പട്ടേൽ, ബിർളാ, ടാറ്റാ തുടങ്ങിയവർ മികച്ച കോൺഗ്രസ്സ് ബന്ധുക്കളാണ്; ദേശഭക്തരുമാണ്. എന്നാൽ ഇവരുടെ കീഴിൽ പണി എടുക്കുന്ന തൊഴിലാളികൾക്കും, കർഷകർക്കും ഭരണാധിപത്യത്തിൽ കൈ എത്തിക്കുവാൻ ഇവർ സമ്മതിക്കുമോ എന്നു കണ്ടറിയണം. ഇൻഡ്യ സ്വതന്ത്രയാകുമ്പോൾ ദേശീയ മുതലാളിത്വത്തിന്റേയും, ജന്മിത്വത്തിന്റേയും ചവിട്ടടിയിൽപെട്ടു തൊഴിലാളിവർഗ്ഗം നശിക്കാതെയിരിക്കേണമെങ്കിൽ ഇന്നു തൊഴിലാളിയൂണിയനുകൾക്കെതിരായി സംഘടനയുണ്ടാക്കുന്നവരും, തൊഴിലാളികളെ ഭിന്നിപ്പിക്കാൻ വരുന്നവരും എല്ലാം ആരായാലും ശരി അവർ തൊഴിലാളികളുടെ വർഗ്ഗശത്രുക്കൾ എന്നുതന്നെ പരിഗണിക്കപ്പെടണം.

എതിരും അടിയുംകൊണ്ട് ഇങ്ങിനെ വൈരം കൈകാര്യം ചെയ്യുന്നവരെ ഭ്രാന്തിൽ

(ശേഷം 15—ാം പേജിൽ)

## വായനക്കാർ ശ്രദ്ധിക്കുവാൻ

ഇനിയത്തെ വശം വായിക്കുന്നതു പതിമൂന്നാം പേജ് വായിച്ച ശേഷം വേണം. പേജാക്കിയതിൽ വന്ന പിശക് വായനക്കാർ ക്ഷമിക്കണമെന്നപേക്ഷ.

ഴിഞ്ഞുകിട്ടിയാൽ മതിയല്ലോ. ഇതിനൊക്കെ അത്താർട്ടിയുണ്ട്. ഏതു പുരാണത്തിലാണെന്നു നല്ല ഓർമ്മയില്ല. "ലോകത്തുള്ളോരൊക്കെ ചത്തു ഞാനും തെക്കേലെ കൊച്ചുകല്യാണിയും മാത്രം ബാക്കിയായിരുന്നെങ്കിൽ".

ഇതെല്ലാംകൂടി ചമ്മക്കൂടികാടിടിന്നാൽ വല്ലാതെ നാറുകയില്ലേ എന്നൊരു സംശയം. ബാലൻ പണ്ടേ പറഞ്ഞതല്ലേ ഈ പുറത്താക്കൽ നയം അവിടെയെങ്ങും നിൽക്കുകയില്ലെന്ന്. "കൊട്ടത്തോനാംഗുരുവിന്റെ തലയ്ക്കിട്ടൊന്ന്; തെത തെത, തെത, തെത തെത തോ!"

* * *

"വിദ്യാർത്ഥികൾ യാതൊരു രാഷ്ട്രീയകക്ഷിയിലും ചേരരുത്. (പണ്ഡിറ്റ്ജി.) കഴിഞ്ഞ രണ്ടു മൂന്നു മാസങ്ങളിൽ പ്രസംഗിച്ചുകൊണ്ടിരുന്ന പണ്ഡിറ്റ്ജി ആണോ ഇതു പറഞ്ഞതെന്നു ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ ആ സംശയം അസ്ഥാനത്താണ്. അതേ നെഹ്റു തന്നെയാണ്. അഭിപ്രായം ഇരുമ്പുലക്കയല്ലെന്നു സി. വി. കുഞ്ഞുരാമൻ പറഞ്ഞിട്ടില്ലേ. പണ്ഡിറ്റ്ജിക്കും അഭിപ്രായം മാറാവുന്നതാണല്ലോ. പക്ഷെ അതിന്റെ സന്ദർഭമാണു മനസ്സിലാകാത്ത കാര്യം. അടുത്തു തന്നെ സർക്കാർ കൈയിൽ കിട്ടുമെന്നുള്ളതാണോ ഈ അഭിപ്രായമാറ്റത്തിനു കാരണം. ഒരു സംശയം കൊണ്ടു ചോദിച്ചു പോയെന്നേയുള്ളു. വിദ്യാർത്ഥികളെ രാഷ്ട്രീയ പാർട്ടികളുടെ വാലിൽ കെട്ടിത്തൂക്കിയിടുന്നതു ശരിയല്ലെന്ന അഭിപ്രായം ശരിയാണ്. അതു മറ്റു ചിലരും ഈ രാജ്യത്തു പറഞ്ഞിട്ടുണ്ടെന്നു തോന്നുന്നു. അതോ ഇനി ഈ വക അഭിപ്രായങ്ങൾ പറയാൻ പണ്ഡിറ്റ്ജിക്കു മാത്രമേ അവകാശമുള്ളോ എന്തോ.

എന്തായാലും നന്നായി. വിദ്യാർത്ഥികളോടു ഒരു കക്ഷിക്കു തന്നെ വോട്ടു പിടിക്കണമെന്നു പദേശിച്ചതിന്റെ അർത്ഥം കൂടി മനസ്സിലായാൽ ബാലനെല്ലാം മനസ്സിലായി.

* * *

പണ്ഡിറ്റ്ജി അവിടെയും നിറുത്താൻ ഭാവിച്ചില്ല. ഉദയപ്പൂരിൽവച്ചു കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു പ്രായപൂർത്തിവോട്ടവകാശത്തോടെയായിരിക്കണമെന്ന ഒരു ഭേദഗതിപ്രമേയം വന്നു. പണ്ഡിറ്റ്ജി അതിനെ ബലമായി എതിർത്തു. കാരണവും പറഞ്ഞു. ഇവിടെയുള്ള മാന്യസ്നേഹിതന്മാർ കണ്ടുപിടിച്ച കാരണങ്ങളൊന്നുമല്ല. അതിലുമൊക്കെ വലിയ കാരണമാണ്. വളരെ രഹസ്യമായി ബാലൻ പറഞ്ഞുതരാം. പണ്ഡിറ്റ്ജി പറഞ്ഞതാണ്. വളരെ ഗോപ്യമായി സൂക്ഷിച്ചുകൊള്ളണം. അവതാരകൻ കമ്മ്യൂണിസ്റ്റാണെന്ന്!

ആത്മഹത്യ (അതു രാഷ്ട്രീയമായാലും) മഹാപാപമാണെന്നാണ് അറിവുള്ളവർ പറയുന്നത്.

* * *

മഹദ്മനസ്സുകൾ ചിന്തിക്കുന്നതൊരുപോലെയിരിക്കും. പാക്കിസ്ഥാൻ നേതാവായി സമരം നടത്താൻ ഒരാൾ മാത്രമല്ല ഉള്ളതു എന്നു തോന്നുന്നു. പട്ടേൽ പറയുന്നതു അഖണ്ഡഹിന്ദുസ്ഥാനുവേണ്ടി ആഭ്യന്തരസമരം വേണ്ടിവന്നാലും വിരോധമില്ലെന്നാണ്. ആഭ്യന്തരസമരമെന്നു പറയുന്നതു ഒരു നിസ്സാരകാര്യമാണല്ലോ. പിന്നെ അതിനെ ഉദ്ദേശിച്ച് ഇതു പറയാനെന്തിരിക്കുന്നു.

പക്ഷെ പട്ടേൽജി അവർകളെ സഹോദരന്മാരോടുള്ള സമരമൊക്കെ അവിടുന്നു തന്നെ നടത്തിക്കൊള്ളണേ. ഞങ്ങൾക്ക്, ഇന്ത്യക്കാർക്കു അതു കൈക്കരുത്തില്ല. ജയ്ഹിന്ദ്!

* * *

സ്വാതന്ത്ര്യസമരത്തിലെ ധീരനേതാവു പറയുന്നു പ്രായപൂർത്തിവോട്ടവകാശം അപ്രായോഗികമാണെന്ന്. അധികാരി പറയുന്ന നടക്കട്ടെയെന്നു. ആന്തരം പരിഷ്കാരങ്ങളെ സ്വാഗതം ചെയ്യാതെ നിവർത്തിയില്ല. ഒരു കുഴപ്പം മാത്രമേയുള്ളു ഇനി ഇവരിൽ ആരെയാണ് ഉദയപ്പൂരി നയിക്കേണ്ടതെന്ന സംശയം മാത്രം. പ്രായപൂർത്തി വോട്ടവകാശത്തിനെതിരായി അഭിപ്രായനേതാവു എറണാകുളത്തു താമസിച്ചുകൊണ്ടു നിയമലംഘനം നടത്തുവാൻ ഇടയുണ്ടെന്നു പറയുന്നതു വിശ്വസിക്കാൻ പ്രയാസമാണ്.

പ്രായപൂർത്തി ഇല്ലാത്തവർക്കുമാത്രം വോട്ടവകാശം കൊടുക്കണമെന്ന് വാദിക്കരുതേ നേതാവേ?

ഗ്രന്ഥവിചാരം

# പ്രതിമ

## ഗ്രന്ഥകർത്താ-കെ. രാമകൃഷ്ണപിള്ള ബി.ഏ., എൽ.എൽ.ബി.

പ്രസാധകൻ എൻ. കെ. എൻ. നമ്പൂതിരി, ഭാരതവിലാസം പ്രസ്സ്, തൃശ്ശിവപേരൂർ— വില രൂപാ ഒന്നു്.

ഒരു നാടകം കണ്ട ശേഷം മാത്രമേ അതിനെപ്പറ്റി നിരൂപണം ചെയ്യാവൂ എന്നുള്ള അഭിപ്രായം കേവലം നിസ്സാരമല്ല. കാരണം, നാടകത്തിന്റെ സാങ്കേതികനിയമങ്ങൾ അക്ഷരംപ്രതി അനുഷ്ഠിക്കുന്ന ഒരു കൃതിപോലും, അഭിനയിക്കുമ്പോൾ, പ്രേക്ഷകഹൃദയങ്ങളെ ആകർഷിക്കുന്നതിനോ, അവയിലുള്ള വികാരങ്ങളെ സംക്രമിപ്പിക്കുന്നതിനോ ശക്തമല്ലാതായിത്തീരാമെന്നുള്ളതു തന്നെ. നാടകീയസാങ്കേതികനിയമങ്ങളുടെ വിജയവൈജയന്തിയായിരുന്നാൽ തന്നെയും അഭിനയം മൂലം ഉദ്ദിഷ്ടഫലം പ്രദാനം ചെയ്‌വാൻ കഴിവില്ലാത്ത ഒരു കൃതി, പ്രേക്ഷകന്മാരെ സംബന്ധിച്ചിടത്തോളം, നാടകം എന്ന പേർ അർഹിക്കുന്നില്ല. അതിനു മറ്റു വല്ല പേരും നൽകുന്നതായിരിക്കും ഉചിതം. ഒരു നാടകം അഭിനയിച്ചാൽ ഉദ്ദിഷ്ടഫലം (The intended dramatic effect) ഉളവാകുമോ എന്നു്, സാങ്കേതികനിയമങ്ങളെ അത്ര കാര്യമാക്കാതെ, നമ്മുടെ അനുഭവജ്ഞാനത്തെ അടിസ്ഥാനമാക്കി, നിർണ്ണയിക്കുകയേ തരമുള്ളു. അല്ലെങ്കിൽ നമ്മുടെ മിക്ക നാടകങ്ങളേയും പറ്റി അഭിപ്രായം പറയാൻ സാധിക്കാതെ വരും. ഇബ്സൻ മുതലായ സുപ്രസിദ്ധനാടകകർത്താക്കന്മാർ അംഗീകരിച്ചിട്ടുള്ള സാങ്കേതികമാർഗ്ഗങ്ങളെ ആസ്പദമാക്കി ചില നിരൂപകന്മാർ നമ്മുടെ നാടകങ്ങളെ നിശിതമായി നിരൂപണം ചെയ്യുന്നുണ്ടു്. ഇവർ സാങ്കേതികതത്വങ്ങൾക്കു സർവ്വപ്രാധാന്യം നൽകുന്നതായി കാണപ്പെടുന്നു. കലയാണു്, സാങ്കേതികനിയമങ്ങളല്ല, ആദ്യമുണ്ടായതെന്നുള്ള യാഥാർത്ഥ്യം പോലും ഇവരിൽ ചിലർ വിസ്മരിച്ചുപോകുന്നുണ്ടു്. കാണികളെ മുഷിപ്പിക്കാതിരിക്കുന്നതിനും ആകർഷിക്കുന്നതിനുമായി രംഗവിധാനത്തിലും മറ്റും ചില മുറകൾ സ്വീകരിക്കേണ്ടതു് ആവശ്യം തന്നെ. പക്ഷേ "ടെക്‌നിക്ക്" ആണു് പരമപ്രധാനമെന്നു പറയുന്നതു് ആശാസ്യമല്ല. പ്രത്യേകിച്ചു് അനുദിനം വളർന്നു പുഷ്ടി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹിത്യത്തെ സാങ്കേതികനിയമങ്ങൾകൊണ്ടു വരിഞ്ഞുകെട്ടുവാൻ ശ്രമിക്കുന്നതു് അപലപനീയമാണു്. കലയുടെ ജീവിതലക്ഷ്യം പോലും കാലാനുസാരം മാറിക്കൊണ്ടിരിക്കുമെങ്കിൽ, അതിന്റെ സാങ്കേതികനിബന്ധനകൾക്കു് അമിതപ്രാധാന്യം നൽകുന്നതു വളർച്ചയുടെ മുമ്പിൽ പ്രതിബന്ധം സൃഷ്ടിക്കുക മാത്രമാകുന്നു.

സാങ്കേതികദൃഷ്ട്യാ പരിശോധിച്ചു നോക്കുമ്പോൾ ചില ന്യൂനതകൾ കണ്ടേക്കാമെങ്കിലും ഭാരതീയർക്കെല്ലാം പരിചിതമായ ഒരു വിഷയത്തെ അധികരിച്ചു മലയാളഭാഷയിലെ ഏറ്റവും നല്ല രാഷ്ട്രീയനാടകം സൃഷ്ടിക്കുകയാണു് മി. രാമകൃഷ്ണപിള്ള പ്രതിമാനിർമ്മാണം മൂലം ചെയ്തിരിക്കുന്നതു്. "സാങ്കേതികവിദഗ്ദ്ധന്മാർ" പ്രതിമയിൽ എന്തെല്ലാം കുറ്റങ്ങളും കുറവുകളും കണ്ടാലും, പ്രേക്ഷകഹൃദയങ്ങളെ ഇളക്കിമറിക്കത്തക്കവണ്ണം വികാരസംക്രമണം ചെയ്യുവാൻ പ്രതിമാകർത്താവിനു സാധിച്ചിട്ടുണ്ടു്. കാപട്യത്തിലും കൗടില്യത്തിലും അടിയുറപ്പിച്ചിരിക്കുന്ന ഒരു ഭരണമേധാവിയുടെ സ്വേച്ഛാധികാരപ്രമത്തതയെ, ദേശാഭിമാനത്തിന്റെ കണികയെങ്കിലും ഉൾക്കൊള്ളുന്ന ഓരോരുത്തരുടെയും ജീവരക്തത്തെ തിളപ്പിക്കത്തക്കവണ്ണം, ചിത്രീകരിക്കുകയാണു് മി. രാമകൃഷ്ണപിള്ള ചെയ്തിരിക്കുന്നതു്. രതിവേദനകളെ ചിത്രീകരിക്കുവാൻ മി. പിള്ള സമർത്ഥനാണെങ്കിലും നമ്മിൽ അതൃപ്തി ഉണ്ടാക്കുവാൻ അദ്ദേഹത്തിനു കഴിവു കുറവാണെന്നു് ഒരൊന്നാന്തരം വിമർശകനായ മി. എസ്സ്. ഗുപ്തൻനായർ ഒരിടത്തു പറഞ്ഞിട്ടുണ്ടു്. ഈ കുറവു് പ്രതിമയിൽ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നാണു് ഇതെഴുതുന്നയാൾക്കു തോന്നുന്നതു്.

പട്ടാളത്തിന്റെയും പൊലീസിന്റെയും മറ്റും പിൻബലംകൊണ്ടും, ദുഷ്പ്രചാരണവൈദഗ്ദ്ധ്യംകൊണ്ടും ജനകീയപ്രസ്ഥാന

ങ്ങളെ മുഴുവൻ അടിച്ചമർത്തി, ഹെർ ഹിററ്ലറുടെ പ്രതിച്ഛായയെന്നവണ്ണം ഭരണ കർത്തൃത്വം നടത്തുന്ന ഒരു സ്വേച്ഛാ പ്രഭുവിന്റെ കുചേഷ്ടിതങ്ങളാണ് പ്രതിമയിലെ പ്രതിപാദ്യം. സുശീലയായ സ്വപത്നിയെ ഒരു പ്രതിമയെപ്പോലെ ചൈതന്യരഹിതയാക്കുന്ന ഈ ഹൃദയശൂന്യൻ നിർമ്മലയായ സ്വപുത്രിയുടെ (മകന്റെ ഭാര്യ) ചാരിത്ര്യത്തിൽപോലും കരി തേയ്ക്കുന്നു. ജനപ്രതിനിധികളെന്ന പേരിൽ ജനങ്ങളെയും രാജ്യത്തെയും വഞ്ചിച്ച്, സ്വാർത്ഥപൂരണത്തിനായി, നാം കേട്ട നാസികളെപ്പോലെ, അധികാരികളുടെ പിറകേ നടക്കുന്ന ഒരുകൂട്ടം ജനപ്രതിനിധികൾ വിശാലമായ ഭാരതത്തിൽ ദുർല്ലഭമല്ലല്ലോ. ഇത്തരം ഒരു ജനപ്രതിനിധിയുടെയും ദേശസേവിനി എന്ന പേരിൽ മോഹിനിയാട്ടം നടത്തുന്ന ഒരു കുലടയുടെയും സാഹായ്യത്തോടുകൂടി തന്റെ ഭീമകായ പ്രതിമ സ്ഥാപിക്കുവാൻ അധികാരി ശ്രമിക്കുന്നു. സ്വപിതാവിന്റെ ചൂഷണനിപുണതയും, മദാന്ധതയും ഉളവാക്കിയ ഹൃദയപരിവർത്തനം മൂലം ഒരു കമ്മ്യൂണിസ്റ്റായിത്തീർന്ന അധികാരിയുടെ ഏകപുത്രൻ പ്രതിമാസ്ഥാപനസംരംഭത്തെ തകർക്കുകയും, അങ്ങനെ ആ സ്വേച്ഛാമൂർത്തിയുടെ പൈശാചികതാണ്ഡവത്തിന് ആദ്യമായി വിരാമമിടുകയും ചെയ്യുന്നു. ഇതാണ് പ്രതിമയുടെ സ്വരൂപം.

നാലങ്കങ്ങളും, ആറു പാത്രങ്ങളും മാത്രമുള്ള ഈ നാടകമാണ് മി. രാമകൃഷ്ണപിള്ളയുടെ ഏററവും നല്ല കൃതിയെന്ന് നിസ്സങ്കോചം അഭിപ്രായപ്പെടാം. തന്റെ ഹൃദയത്തിൽ ആഞ്ഞടിച്ച് അതിനെ സമൂലം ഉലയ്ക്കുന്ന ചില യാഥാർത്ഥ്യങ്ങളാണ് മി. പിള്ള പ്രതിമയിൽ പ്രതിപാദിച്ചിരിക്കുന്നത്. അതി തീക്ഷ്ണങ്ങളായ വികാരങ്ങൾ അനുരൂപമായ രീതിയിൽ അദ്ദേഹം പ്രകാശിപ്പിച്ചിട്ടുണ്ട്. വികാരതീക്ഷ്ണതയാണ് കലയുടെ ജീവനെങ്കിൽ, മി. രാമകൃഷ്ണപിള്ള മലയാളത്തിലെ ജീവനുള്ള രണ്ടോ മൂന്നോ നാടകങ്ങളിൽ ഒരെണ്ണം സൃഷ്ടിക്കുകയാണു ചെയ്തിരിക്കുന്നത്. സംഭാഷണരീതി, കഥാഘടന, പാത്രസൃഷ്ടി എന്നിവയിൽ പ്രശംസാർഹമായ പ്രാഗത്ഭ്യം മി. പിള്ള പ്രദർശിപ്പിച്ചിട്ടുണ്ട്. ഓരോ പാത്രവും സ്ഥാനത്തിനും സന്ദർഭത്തിനും യോജിച്ചവിധത്തിലാണ് സംഭാഷണം നടത്തുന്നത്. വെറുപ്പുണ്ടാക്കുന്ന "അധികപ്രസംഗങ്ങൾ" പ്രതിമയിൽ കാണുന്നില്ല. നാം കേട്ട ജനപ്രതിനിധി, മദാന്ധനായ അധികാരി, ധീരനും ആദർശതൽപരനുമായ യുവാവ്, പരിശുദ്ധയായ യുവതി, ഭോഗലോലുപയായ ദേശസേവിനി, നിരാലംബയായ മാതാവ് (അധികാരിയുടെ ഭാര്യ)—അനുവാചകഹൃദയത്തിലെന്നപോലെ, പ്രേക്ഷകഹൃദയത്തിലും, മായാത്ത രേഖകൾ സൃഷ്ടിക്കുന്നതിനു കെൽപുള്ള പാത്രങ്ങളാണ് ഇവരെല്ലാം. കഥാസൃഷ്ടി, പ്രത്യേകിച്ച് കഥയുടെ പരിണാമം, അത്യധികം ഹൃദയാവർജ്ജകമായിട്ടുണ്ട്. തന്റെ "സ്ത്രീത്വം" നശിപ്പിച്ച മനുഷ്യാധമന്റെ നേരേ ചാരിത്ര്യചാരുമൂർത്തിയായ ആ തരുണീരത്നം സധൈര്യം കൈത്തോക്കു നീട്ടുകയും, പെട്ടെന്നു മുമ്പിൽവന്ന ഭർത്തൃമാതാവിനെക്കണ്ട് തളർന്നു വിവശയായി നിലകൊള്ളുകയും ചെയ്യുന്ന ഭാഗങ്ങൾ—സ്തോഭജനകത്ത പരമകോടിയിൽ എത്തിക്കുന്ന കഥാസമാപ്തി—മി. രാമകൃഷ്ണപിള്ളയുടെ കലാപാടവത്തിനു മകുടം ചാർത്തുന്നു.

"മെലോഡ്രാമാ"യുടെ ദോഷങ്ങൾ ഈ കൃതിയേയും അൽപമായി ബാധിച്ചിട്ടുണ്ട്. കുശാഗ്രബുദ്ധിയായ അധികാരിക്ക "പ്രതിമഭ്രാന്തു" പിടിക്കുന്നതും മററും ഇതിനുദാഹരണങ്ങളാണ്. പക്ഷേ അക്രമസമ്പൂർണ്ണമായ അധികാരപ്രമത്തതയെ നഗ്നമായി തുറന്നുകാണിക്കുന്നതും, പ്രശംസനീയമായ കലാബോധത്തെ പ്രകാശിപ്പിക്കുന്നതുമായ ഈ കൃതിയിൽ [illegible] ചുരുക്കം ചില ദോഷങ്ങളുണ്ടെങ്കിലും നിരത്തിവയ്ക്കണമെന്നുള്ളതല്ല ഈ ലഘുവിമർശനത്തിന്റെ ഉദ്ദേശ്യം. ഗ്രന്ഥകർത്താവിന്റെ ദേശാഭിമാനത്തിനും, ആത്മാർത്ഥതയ്ക്കും, കലാനിപുണതയ്ക്കും കൂപ്പുകൈ. മാതൃഭാഷയുടെയും മാതൃഭൂമിയുടെയും അഭ്യുന്നതിക്കുവേണ്ടി ഇനിയും കയ്യിളക്കുവാൻ മി. രാമകൃഷ്ണപിള്ളയ്ക്കു നീണാൾ സൗകര്യം ലഭിക്കട്ടെ!

(കെ. സി. സഖറിയാ)

# പതിമൂന്നാം പേജ്

(ബാലൻ)

വെള്ളക്കാരാഷ്ട്രസംഘടനയെന്ന പ്രഹസനത്തിൽ ചില കീചകവേഷക്കാർ അഭിനയിച്ചിരുന്ന ഭാഗത്തിന് അല്പം ഉടവുതട്ടിയിട്ടുണ്ടെന്നാണ് കാണുന്നത്. ലോകരംഗത്തെ പ്രകടനം ഇവർ അണിയറയിലേക്കും വ്യാപിപ്പിച്ചതായി കണ്ടു. ടെഹറാനിലും, മോസ്കോയിലും. യാൽട്ടായിലും നടന്ന രംഗങ്ങൾ കഴിഞ്ഞ് കീചകൻ അകത്തേയ്ക്ക് പോകുംവഴി ആരോ ഒരു കത്തി അയാളുടെ കൈയിൽ കൊടുത്തു. അണിയറയിലെത്തിയ ഉടനെ അത് പ്രധാന നടിയുടെ നേരെ ഓങ്ങുകയാണ് ചെയ്തത്. നടി ഒന്നന്ധാളിച്ചു. കലാപരിപോഷണത്തിനായി ഇക്കൂട്ടത്തിൽ ചേർന്നവളല്ലാത്ത അവൾക്ക് ഈ കീചകപ്രണയവുമായി പരിചയം കിട്ടിയിട്ടില്ല. എന്തായാലും നില കൈവിടാതെ നിൽക്കാനവൾക്ക് ധൈര്യമുണ്ടായിരുന്നു. എങ്കിലും കൈയിലൊരു ആരുംപോലുമില്ലല്ലോ എന്നൊരു കുണ്ഠിതം ഇപ്പോൾ ഇതും തീർന്നു. അവൾക്കും സ്വയരക്ഷയ്ക്ക് ആയുധമുണ്ടെന്നാണ് കാണുന്നത്. കീചകൻ നമ്പർ രണ്ട് ഉറപ്പിച്ചു പറയുന്നുണ്ട് അത് കളവാണെന്ന്. എങ്കിലും ഉണ്ടൊരുപേടി. ഇനി സമമായിനിന്ന് സംസാരിക്കാമെന്ന് തോന്നുന്നു. അങ്ങിനെയായിരുന്നെങ്കിൽ രംഗത്തുള്ള ബാക്കി സ്ത്രീകളുടെ കാര്യവും രക്ഷപ്പെട്ടമായിരുന്നു. ബാക്കിയുള്ളവരാണെങ്കിൽ ഈ കീചകപ്രണയംകൊണ്ട് വളരെ ബുദ്ധിമുട്ടുന്നവരാണ്. കീചകൻ ഒരു വിശ്വപ്രേമിയും ഇൻഡ്യയും, ആഫ്രിക്കയും, ബർമ്മയും ഒക്കെ കഴിഞ്ഞ് പ്രണയം ഇതരജാതികളിലേക്കും വഴിഞ്ഞൊഴുകുകയാണ്. ജാവായും സയാമും, പേർഷ്യയും, എന്നുവേണ്ട പ്രണയശ്രീ തരമുള്ളിടത്തൊക്കെ എഴുത്തുകൊടുക്കുവാൻ തയ്യാറായിട്ടിങ്ങിയിരിക്കുകയാണ് കീചൻ നമ്പർ ഒന്ന്.

ഈ ചാപല്യംകൊണ്ട് കീചകന്മാരെ ഒഴിച്ചുനിറുത്തുവാൻ കഴിയുമോ എന്തോ.

* * * *

കീചകനെ ഹുണയുണ്ടെങ്കിൽ ഒഴിച്ചുനിറുത്താം. ദുരാത്മാക്കളോടെന്താണൊരു നടപടി. ചില സ്ത്രീകളെ ദുരാത്മാക്കൾ ബാധിക്കാറുണ്ട്. അതിന് അത്ഭുതം മുതൽ കാലാനുസൃതമായി വിവാഹം നടക്കായ്കവരെ പല വ്യാഖ്യാനങ്ങളും കൊടുക്കാറുണ്ട്. എന്തൊക്കെ കൊടുത്താലും അതിനെക്കൊണ്ടുള്ള ദ്രോഹം വളരെ പരിമിതമാണ്. കുടുംബത്തിലുള്ള ഒന്നോ രണ്ടോ ആളുകൾക്കുമാത്രം അതും എപ്പോഴുമുണ്ടായിരിക്കുകയില്ലതാനും. ഇവ രാഷ്ട്രങ്ങളെ ബാധിച്ചാലാണ് കുഴപ്പം. എന്നും പത്രം തുറക്കുമ്പോൾ ദുരാത്മാക്കളുടെ വിശേഷം തന്നെ, അവ എങ്ങോട്ടുപോയി, എങ്ങിനെ പോയി, എത്ര പ്രസ്സ്റ്റേറ്റ്മെൻറുകൾ പുറപ്പെടുവിച്ചു? ഇങ്ങിനെയായാൽ അത് ഒരു സമുദായദ്രോഹമായിത്തീരും.

ഈ ബാധയൊന്ന് ഉഴിഞ്ഞുകളയുവാൻ പററിയ നിർദ്ദേശങ്ങളെ ബാലൻ സ്വാഗതം ചെയ്യുന്നതാണ്.

* * * *

ഉഴിഞ്ഞുകളയലിന്റെ കാലമാണല്ലോ ഇത്. അതുകൊണ്ടാണ് ബാലൻ ഇത്രയും പറഞ്ഞുപോയത്. ശങ്കർറാവുദേവിനൊരഭിപ്രായം; കോൺഗ്രസ്സ് സോഷ്യലിസ്റ്റുകളെക്കൂടി പുറത്താക്കണമെന്ന്. വളരെ നല്ലകാര്യം! ശങ്കരൻ പണ്ട് ഒരാൾക്ക് [illegible]വരം കൊടുത്തതു കേട്ടിട്ടുണ്ടോ. ഒന്ന് പരീക്ഷിച്ചുനോക്കാം, വരത്തിന് ശക്തിയുണ്ടോ എന്ന്. പുറത്താക്കൽപ്രസ്ഥാനത്തിന്റെ ജനയിതാക്കളെതന്നെ പുറത്താക്കാമെന്ന്. അയ്യോ! ഭദ്രകാളിയെ പിശാച് പിടിക്കുമോ. ഇതൊക്കെ ചെയ്യുന്നതെന്തിനാണെന്നാണ് ബാലനൊരു സംശയം. അങ്ങിനെ പ്രവർത്തിച്ച് ഉദ്ദേശ്യമൊന്നും വേണ്ടായിരിക്കാം. ചില മന്ത്രവാദികളുടെ ഒരു ഹോബിയാണത്. അടുത്തതായി സ്വാർത്ഥവിചാരണയിൽ പെടുന്നതാരാണാവോ. ഫോർവേർഡ് ബ്ലോക്കാവില്ല. അവർ കോൺഗ്രസിന് പുറത്തു തന്നെയാണല്ലോ. മുസ്ലിംകളെയാകാം. അഹിംസാവാദികളെയാകാം. ഹിംസാവാദികളെയാകാം. അങ്ങിനെ പലതും ആകാം. എങ്ങിനെയുമാകാം. എല്ലാറ്റിനെയും ഒ

# പുറത്തേക്കുള്ള വഴി

വി. വി. കെ. വാലത്ത്

(1)

ആരും മരിക്കാൻ ഇഷ്ടപ്പെടുന്നില്ല. ആത്മഹത്യകൾ ദുർല്ലഭമാണു്. ഇരുന്നുനിരങ്ങുന്ന കുഷ്ഠരോഗിയും, കിടന്നുറങ്ങുന്ന ക്ഷയരോഗിയും, പിഴപ്പിക്കപ്പെട്ട പെൺകുട്ടിയും, ചിരട്ടനീട്ടുന്ന പിച്ചക്കാരനും, എച്ചിലിലനക്കുന്ന തെണ്ടിപ്പിള്ളേരും താന്താങ്ങൾക്കുള്ള രോഗങ്ങളിൽ, അന്ധകാരങ്ങളിൽ അഴുക്കുചാലുകളിൽ ജീവിക്കുന്നുണ്ടു്. ആ ദൌർഭാഗ്യങ്ങളിൽനിന്നുള്ള മോചനം, ആ ദൌർഭാഗ്യങ്ങളിൽത്തന്നെ ജീവിക്കുകയെന്നാകുമ്പോൾ അവരെയ ആ മനുഷ്യജീവികൾ ഒരു വക രസത്തോടുകൂടിനോക്കിക്കാണുന്നു.

ദാരിദ്ര്യം ഒരു ഭയങ്കരരോഗമാണ്. പൌരാവകാശം നിഷേധിക്കപ്പെട്ടദിക്കിൽവെച്ച് അതു ആരംഭിക്കുന്നു. അടിമത്തച്ചങ്ങലകൾ കെട്ടിയേടത്തുനിന്നു അതു ജനിക്കുന്നു. സ്വാതന്ത്ര്യം കുഴിച്ചുമൂടപ്പെട്ടദിക്കിൽവെച്ച് അതു ശബ്ദിക്കുന്നു. ആ മഹാരോഗത്തെ നോക്കിക്കാണുന്നമനുഷ്യൻ സമുദായത്തെ നോക്കിക്കാണുന്നു. പുറവും ചൈതന്യവും ഉത്സാഹവുംസ്പന്ദിക്കുമ്പോൾ ഉദയാസ്തമനങ്ങൾ പ്രകാശിക്കുമ്പോൾ, പക്ഷികൾപാടുകയും വൃക്ഷങ്ങൾതലയാട്ടുകയും ചെയ്യുമ്പോൾ മുകളിൽ വെണ്മയേറിയ മേഘശകലങ്ങളും, കീഴെപച്ചപിടിച്ചപുൽത്തകിടികളും പ്രകാശിക്കുമ്പോൾ—ഇവയിൽ നിന്നെല്ലാം ഒറ്റപ്പെട്ട്, എന്നാൽ

(മൂന്നാം പേജ് നിന്നു തുടർച്ച)

തൻനാടൻ മുതലാളിത്തത്തേയും, ജന്മിത്തത്തേയും താലോലിക്കുന്ന ഒരു അടവ് ഉണ്ടെന്നു നാം മറക്കരുതു്. തൊഴിലാളികളുടേയും കർഷകത്തൊഴിലാളികളുടേയും അവകാശങ്ങൾ പരിഗണിച്ചും അവരുടെ ആധിപത്യം വകവെച്ചുംകൊണ്ടല്ലാതെയുള്ള സ്വാതന്ത്ര്യസമ്പാദനം തീർച്ചയായും ദേശീയഫാസിസമായിട്ടേ അനുഭവപ്പെടുകയുള്ളൂ. ഭിന്നിപ്പിക്കലും, അസഹിഷ്ണുതയും, കക്ഷികൾക്കുവേണ്ടി വാദിക്കലും അതിന്റെ സ്വഭാവമായിരിക്കും. ഇന്നത്തെ കമ്മ്യൂണിസ്റ്റുവിരോധവും എതിർസംഘടനകളും ഈ പാളയത്തിലേക്കാണു പോകുന്നതു്. അമേരിക്കാ സ്വതന്ത്ര രാജ്യമാണു്. എന്നാൽ എന്താണു് അവിടെ തൊഴിലാളികളുടെ നില? കർഷകരുടെ നില? രണ്ടു കാര്യങ്ങളിൽ അവർ മിക്കവാറും പുറംപോക്കുകാരല്ലേ? ഇൻഡ്യയുടെ സ്വാതന്ത്ര്യസമ്പാദനത്തിൽ ഈ പിഴ വരാതിരിക്കണമെങ്കിൽ, നമ്മുടെ ദേശീയനേതൃത്വം, തൊഴിലാളിവർഗ്ഗത്തിന്റെയും കർഷകവർഗ്ഗത്തിന്റെയും രാഷ്ട്രീയപാർട്ടിയായ കമ്മ്യൂണിസ്റ്റുപാർട്ടിയോടുള്ള വിരോധം കൈവിടണം. ലീഗിന്റെ നേരെയുള്ള നിലയും ഭേദപ്പെടണം. കോൺഗ്രസ്സും, ലീഗും, കമ്മ്യൂണിസ്റ്റുകക്ഷിയും, ഇൻഡ്യൻദേശീയസ്വാതന്ത്ര്യസമരത്തിലെ ഏകൈക്യകക്ഷിസൈന്യമെന്നപോലെ അണിനിരക്കണം.

ഇതിനു വിഘാതമായിട്ടാണു് ഇന്നു യാതൊരു നിലയുമില്ലാതെ ഭിന്നിപ്പിന്റെ—അഥവാ—ജനകീയവിരോധത്തിന്റെ മുമ്പോട്ടുള്ള പാക്കു്. ഇതിന്റെ പുറകെ വികാരഭരിതരായിപ്പാഞ്ഞുപോയവർ എത്ര പരിതാപകരമായ അധഃപതനത്തിൽ എത്തിയിരിക്കുന്നുവെന്നു കണ്ണൂരിലെ കോൺഗ്രസ്സുകാരെന്നഭിമാനിക്കുന്നവരുടെ മുദ്രാവാക്യം വിളി തെളിയിക്കുന്നു. കമ്മ്യൂണിസ്റ്റുവിരോധംകൊണ്ടു മതിമറന്ന അവർ "പോലീസ് രാജ സിന്ദാബാദ്" വിളിച്ചതായിട്ടാണ് ഈയിടെ ഞാൻ എറണാകുളത്തു ചെന്നപ്പോൾ അറിയാൻ കഴിഞ്ഞതു്. നോക്കൂ! മനുഷ്യന്റെ പൌരുഷം, സ്വാതന്ത്ര്യതൃഷ്ണ, ഇവയെല്ലാം വിവേകത്തിന്റെ കൂട്ടുവിട്ടാൽ എത്തിച്ചേരുന്ന അധഃപതനത്തിന്റെ ആഴം.

ഉദ്യോഗസ്ഥമേധാവിത്വത്തിനും, ബ്രിട്ടീഷ് സാമ്രാജ്യത്തിനും എതിരായി ധീരസമരം നടത്തുന്ന കൊടിയാണു് ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന്റേതു്. ആ പതാകയുടെ ചുവട്ടിൽ നിന്നാണു് ഈ "സിന്ദാബാദ്"—വിളി ഉയർത്തുന്നതു്. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനായിപ്പോയവർ ഇന്നു മർദ്ദകരുടെ ക്യാമ്പിനെയും, അവരുടെ മുദ്രാവാക്യങ്ങളേയും ശരണം ഗമിക്കുന്ന നില ഏതായാലും ആപൽക്കരമാണു്. ഐക്യത്തിൽ കൂടിയല്ലാതെ സ്വാതന്ത്ര്യത്തിൽ എത്തുമോ? കക്ഷിവൈരം സ്വാതന്ത്ര്യസമരാങ്കണത്തിലെ രക്ഷായുധമല്ല, രക്ഷാകവചവുമല്ല. "വേറെ വേറെ വലിഞ്ഞുനിന്നേറെയേറെ മുറുകല്ലേ, പാരതന്ത്ര്യബന്ധങ്ങളെ പ്രാണരാം നിങ്ങൾ"—എന്നു പാടിയാൽ മതിയോ? ദേശാഭിമാനികളും സ്വാതന്ത്ര്യപ്രേമികളും ചിന്തിക്കൂ!

ഇവസ്ഥകളിൽ, ഒരു വിജനതയിൽ ജീവിക്കുക. മൂകമായി, കീഴോട്ടുള്ള മുഖവുമായി നടക്കുക. ഇടയ്ക്കിടെ കീറിയ ഉടുപ്പിലേക്കു കണ്ണയക്കുക. അജ്ഞാതമായ ഒരു എരിച്ചിലിനെ ശമിപ്പിക്കാൻ കൂടക്കൂടെ കുനിഞ്ഞു നിന്നു കീഴ്‌വയറ്റിൽ കയ്യമർത്തുക. സ്വന്തം കുടുംബത്തെപ്പറ്റി ഒരു തെല്ലിട വിചാരം കൊള്ളുക. വെളിച്ചത്തെക്കവരാതിരിക്കുക. തീയതികളും ആഴ്ചകളും അറിയാതിരിക്കുക.

ഈ ഭയങ്കരമായ രോഗത്തെ നാം ശ്രദ്ധിച്ചു പരിശോധിക്കുന്നു. അതിന്റെ ഇരുമ്പുചങ്ങലകളിൽനിന്നു രക്ഷയില്ലന്നാകുമ്പോൾ അതിനെത്തന്നെ നാം മുറുകെ മുറുകെ പിടിച്ചമർത്തുന്നു. കഷ്ടരോഗികൾ മരിച്ചുപോകുന്നു. ക്ഷയരോഗികൾ മരിച്ചുപോകുന്നു. ഒരു സാധാരണദിവസം ഒരജ്ഞാതശക്തി അവരെ കൊണ്ടുപോകുന്നു. വീഴ്ത്തപ്പെട്ടതിരശ്ശീലയും, ഊർദ്ധ്വൻവലിക്കുന്ന പിച്ചക്കാരനും ആരുമറിയാതെ കാണാതാകുന്നു. എങ്കിലും, ഈ നിസ്സാരമായ ഓരോ മരണവും പട്ടാളവും നിയമവും കാത്തുപോരുന്ന ശതാബ്ദങ്ങളുടെ വകയായ ഒരു പാറയിൽ ചെന്നു ശക്തിയായി അലയ്ക്കുന്നുണ്ട്. ആ അലയ്ക്കൽ അധികമാകുമ്പോൾ ആ പാറ ഒരു വലിയ ശബ്ദത്തോടെ പൊട്ടിഞ്ഞുപോകുന്നു. 18-ാം നൂറ്റാണ്ട് അത്തരം ഒരു പാറയെത്തകർത്തു. 1917-ം അതീതകാലത്തിലെ ചരിത്രത്തിൽവെച്ചു തകർക്കപ്പെട്ട എല്ലാ കോട്ടകൾക്കുമുപരിയായി 20-ാം നൂറ്റാണ്ടിൽ ഒരു വലിയ ഇരമ്പിലേക്കു [illegible] നടന്നുവരികയാണ്.

സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരും പട്ടിണിക്കു വലിച്ചെറിയപ്പെട്ടവരും രാഷ്ട്രീയവിധിയുടെ ആഴമളന്നു നോക്കുന്നു.!

സാമുദായികവ്യവസ്ഥയുടെ അടിത്തട്ടിലേക്കു കയ്യിട്ടുതപ്പി, ആ ചെറിയൊരു വീഴുന്ന നികൃഷ്ട നീതിയെ പുറത്തേക്കു വലിച്ചെറിയുന്നതു എളുപ്പമുള്ള പണിയല്ല. ആലോചനയുടെ പട്ടാപ്പകലിൽ വെച്ച് ആ രാജ്യനീതിയുടെ നഗ്നമായ അസ്ഥികൂടങ്ങൾ നോക്കിക്കാണേണ്ടതു ആവശ്യമാണ്.

കഷ്ടപ്പാടുകളുടെ അറുത്തുവെച്ച് വാഴുകൊള്ളുന്ന വിദേശാധികാരങ്ങളുടെ ആക്രമണത്തോടു എതിരിടുന്നതിൽക്കവിഞ്ഞു പ[illegible]മായതൊന്നുമില്ല.

അടിമകളുടേയും പാവങ്ങളുടേയും ചരിത്രം രാജ്യത്തിന്റെ ചരിത്രത്തിൽ വ്യാപിച്ചു കിടക്കുന്നു. രാജ്യത്തിന്റെ മുകൾഭാഗത്തു ഉ-

രണാധികാരം വരെക്കുന്ന മുഖമുദ്രകൾക്കു കറുത്തവയെങ്കിലും സമ്പൂർണ്ണങ്ങളായ പ്രതിച്ഛായകൾ അടിയിലുണ്ട്. ആ അടിയിലെ ക്ഷോഭങ്ങൾ സർവ്വത്തും മുകൾഭാഗത്തു കാറ്റും പതയുമുണ്ടാക്കുന്നു. ഈ കാറ്റും പതയുമുണ്ടാക്കാൻ തക്ക തത്വജ്ഞാനങ്ങൾ, ചിന്തകൾ നമുക്കുവേണം. വിപ്ലവത്തിന്റെ പ്രവൃത്തി ആവശ്യമാണ്. അതു ഒരു ജനസമുദായത്തിന്റെ, അഥവാ, രാജ്യത്തിന്റെ, തുരുമ്പുപിടിച്ച ചങ്ങല ഖണ്ഡിക്കുന്നു. അപ്പോൾ, എല്ലാ വിജ്ഞാന നിധികളുടേയും മുന്നിൽ ദിദെരോ (Dederot) വരുന്നു. തീവ്രവാദത്തിന്റെ തലയ്ക്കൽ തുർഗോ (Turgot) ചാരുടെതലയ്ക്കൽ വാൾട്ടയർ. തത്വശാസ്ത്രത്തിന്റെ തലയ്ക്കൽ റൂസോ!— ഫ്രാൻസിന്റെ നാലു സൈന്യങ്ങളിവരാണ്. രാഷ്ട്രീയമായ പരിവർത്തനത്തിന്റെ നാലു പ്രധാന ഗോപുരദ്വാരങ്ങളിലേക്കു നടന്നു ചെല്ലുന്ന മനുഷ്യസമുദായത്തിന്റെ നാലു മണ്ണടിപ്പടികൾ, ഭൂമുഖത്തുവെച്ച് അവർ അദൃശ്യമായ സ്വാതന്ത്ര്യവാദത്തിന്റെ ശബ്ദലഹരികളെ കൂട്ടിപ്പിടിച്ച് മാർക്സിന് ഒരു പ്രമാണമുണ്ടാക്കി.

അടിമത്തത്തിൽനിന്നു അരിശമുണ്ടാകുന്നു. അക്രമത്തിന്റെ ഐശ്വര്യമുള്ളവർഗ്ഗക്കാർ കിടന്നുറങ്ങുമ്പോൾ, അടിമവർഗ്ഗങ്ങളുടെ അമർഷം ഉള്ളിൽക്കിടന്നു വിതിക്കുന്നു; ക്ഷോഭകരവും വിപ്ലവകരവുമായ ആത്മാവിൽ കാണിച്ച് തങ്ങളുടെ ചട്ടുകത്തെ ...ക്കുന്നു; രാജ്യത്തെ സൂക്ഷിച്ചു നോക്കിക്കാണാൻ നിൽക്കുന്നു.

വിപ്ലവങ്ങൾ പൊതുജനങ്ങളുടെ വക ഭൂമികുലുക്കങ്ങളാണ്!

സാമുദായികവും രാഷ്ട്രീയവുമായ മാറ്റങ്ങളുടെ ആകത്തുകയായി വിപ്ലവം വന്നു. ചിന്തകന്മാർ അതിന്റെ തിരിതെളിച്ചു. 18-ാം നൂറ്റാണ്ട് അതിനെ മിനുക്കി. അമേരിക്കയെ അതു ഇളക്കി. ഫ്രാൻസിനെ അതു കലക്കി. ദൈവികമായ രാജതന്ത്രത്തെ അതു കടഞ്ഞു. പൊതുജനങ്ങളെ അതു സിംഹാസനത്തിൽ പിടിച്ചിരുത്തി.

ഒരു കാര്യത്തിൽ വാൾട്ടയർ ഒരു വിപ്ലവകാരി. മറ്റൊന്നിൽ ദിദെരോ. എല്ലാവരേക്കാളും വിപ്ലവാഗ്നിയെ റൂസോ ഊതിക്കത്തിച്ചു. പാവങ്ങൾക്കു നാക്കുണ്ടെന്നു റൂസോ കാണിച്ചു. യൂറോപ്പിന്റെ ചെവിട്ടിലലച്ച ആദ്യത്തെ ഭയങ്കരവും അപരിചിതവുമായ ശബ്ദം റൂസോവിന്റേതായിരുന്നു. പൊതുജനങ്ങൾ അന്നു മുതൽ നടക്കാൻ തുടങ്ങി.

ചെറുകഥ.

# മധുവിധു

(നാഗവള്ളിൽ, ആർ. എസ്സ്. കുറുപ്പ്)

സകലരും ആ യുവാവിന്റെ ഭാഗ്യത്തിൽ അനുമോദിച്ചു. കാലക്ഷേപത്തിനു കഷ്ടിച്ചു വകയുള്ള അയാൾ വളരെ വിഷമിച്ചു ബി.എ. ബിരുദം കൈക്കലാക്കികഴിഞ്ഞുടൻ ആ നാട്ടിലെ ഏറ്റവും വലിയ ധനികനും ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമായ ശ്രീ ദാമോദരൻനായരുടെ സീമന്തപുത്രിയുടെ ഭർത്താവായി. എന്തൊരു ഭാഗ്യം.

പലരും അതു കേട്ടിട്ടു വിശ്വസിച്ചില്ല. അദ്ദേഹത്തിനു യോജിച്ച ഒരു മരുമകനെ കിട്ടുകില്ലന്നോ! ഗതികെട്ടു ഈ യുവാവിനെ തിരഞ്ഞെടുത്തതെന്തിനു്?

വധുവിനെക്കുറിച്ചു് ഒരക്ഷരംപോലും ദൂഷ്യമായിപ്പറയുവാൻ ആ നാട്ടിലാരുമില്ല. സൗന്ദര്യത്തിലും സൗശീല്യത്തിലും സ്വഭാവത്തിലും അവൾ ആ നാട്ടിലെ യുവതികൾക്കു മാതൃകയാണു്. വേറെ വല്ല യുവതിയുമായിരുന്നെങ്കിൽ കുഴപ്പം പറ്റിയതുകൊണ്ടു് കണ്ണിൽ കണ്ടവന്റെ തലയിൽ താങ്ങിക്കൊടുക്കയാണെന്നു് കരുതാമായിരുന്നു. പക്ഷെ ഇവളുടെ സ്വഭാവഗുണം ആ നാട്ടിലെ പരദൂഷണവിദഗ്ദ്ധന്മാർ പോലും വകവെച്ചുകൊടുത്തിരുന്നതിനാൽ അതും സാധ്യമല്ല.

അങ്ങിനെ ആ വിവാഹം ആ നാട്ടിലെ ഒരു മഹാൽഭുതമായി പരിണമിച്ചു.

സകലരും ഭാഗ്യവാനായ ആ യുവാവിനെ അനുമോദിച്ചു.

* × *

മധുവിധുവിന്റെ ആദ്യരാത്രി. സായം സന്ധ്യക്കു മുമ്പായി വരൻ വധുവുമൊന്നിച്ചു കടപ്പുറത്തു വാടകക്കെടുത്തിരുന്ന ഗൃഹത്തിലെത്തി. മജിസ്ട്രേട്ടിന്റെ കാറിലാണു് അവർ വന്നതു്. വീടു വാടകക്കെടുക്കുന്നതിനുള്ള പണം പോലും മജിസ്ട്രേട്ടാണു കൊടുത്തതെന്നു ജനങ്ങൾ പറഞ്ഞു.

വരന്റെ വൃദ്ധയായ അമ്മ സ്നേഹാദരപൂർവം സ്വീകരിച്ചു. മകന്റെ മഹാഭാഗ്യം കണ്ടു് ആ മാതാവിന്റെ കണ്ണുകൾ നിറഞ്ഞു.

പാലൊളി പരത്തിക്കൊണ്ടു പനിമതി ഉദിച്ചുയർന്നു. അവിടെ കൂടിയിരുന്ന ബന്ധുക്കളും സ്നേഹിതരും കാപ്പികുടി കഴിഞ്ഞു് പിരിഞ്ഞു. വരന്റെ ആത്മസ്നേഹിതനായ ഒരാൾ മാത്രം പോയില്ല. അയാൾ ബോംബെയിൽ നിന്നും സ്നേഹിതന്റെ വിവാഹത്തിൽ പങ്കുകൊള്ളുന്നതിനായി വന്നതാണു്; അടുത്ത ദിവസമേ മടങ്ങുവാൻ സാധ്യമാകൂ.

മണി പത്തായി. വെളിയിലത്തെ മുറിയിൽ വരനും സ്നേഹിതനും ഇരുന്നു സംസാരിക്കുകയാണു്. താൻ പറയുന്നതൊന്നും സ്വസ്നേഹിതന്റെ ചെവിയിൽ പെടുന്നില്ലെന്നു് അയാൾക്കറിയാം. ആ യുവാവിന്റെ മനസ്സ് അകത്തുള്ള ശയ്യാഗാരത്തിലാണു്. അങ്ങോട്ടുള്ള ക്ഷണം കാത്തിരിക്കയാണയാൾ.

വൃദ്ധയായ അമ്മ വാതുക്കൽ വന്നുനിന്നു് നിർദ്ദോഷിയേപ്പോലെ പറഞ്ഞു.—

—നേരമൊരുപാടിരുട്ടിയില്ലേ? ഇനി പോയി കിടക്കു മോനേ!”

സ്നേഹിതന്മാർ പരസ്പരം നോക്കി സാകൂതം പുഞ്ചിരിച്ചു. ബോംബെക്കാരൻ പറഞ്ഞു.

“ഗുഡ് ലക്ക് സ്വീറ്റ് നൈറ്റ്!”

വരൻ ലജ്ജയോടെ മന്ദഹസിച്ചുകൊണ്ടു് അകത്തേക്കു പോയി.

* * *

വെളിയിൽ കിടന്നിരുന്ന ആ അവിവാഹിതനായ യുവാവിനു് ഉറക്കം വന്നില്ല. അയാളുടെ ചിന്ത സ്വസ്നേഹിതന്റെ ശയ്യാഗാരത്തിലേക്കു കടന്നു. അവിടെ നടക്കുന്ന രംഗങ്ങൾ അയാൾ വിഭാവനം ചെയ്തുകൊണ്ടു കിടന്നു.

മണി പന്ത്രണ്ടടിക്കുന്നതു് അയാൾ കേട്ടു. അതോടൊന്നിച്ചു അകത്തു് ഒരു വാതിൽ തുറക്കുന്ന ശബ്ദവും. അല്പം കഴിഞ്ഞു് ആരോ ഒരാൾ അയാൾ കിടന്നിരുന്ന മുറിയിലേക്കു കടന്നുവരുന്നതു കേട്ടു അയാൾ തല പൊക്കി നോക്കി.

ആഗതൻ അയാളുടെ കട്ടിലിനു സമീപത്തായി നിന്നുകൊണ്ടു് ചോദിച്ചു.—

“ഉറങ്ങിയോ സ്നേഹിതാ!”

അയാൾ അത്ഭുതത്തോടെ ചാടിയെഴുന്നേറ്റു. മധുവിധുവിന്റെ ആദ്യരാത്രിയിൽ ഭർത്താവു ശയ്യാഗാരം വെടിഞ്ഞു പോരികയോ?

“ഇല്ല. എന്താണു കാര്യം?” അയാൾ ചോദിച്ചു.

“വരൂ.” വെളിയിലേക്കുള്ള വാതിൽ തുറന്നുകൊണ്ടു് ആ ഭർത്താവു് അയാളെ വിളിച്ചു. അത്യൽഭുതത്തോടെ അയാൾ സ്വസ്നേഹിതനെ അനുഗമിച്ചു.

# വേശ്യകൾ

(ഡി. ശ്രീമാൻ നംപൂതിരി മൂവാററുപുഴ)

ഞങ്ങൾ ആരാണെന്നോ? ദാരിദ്ര്യത്തിന്റെയും അജ്ഞാനത്തിന്റെയും പാതയിൽ അലഞ്ഞു തിരിയാനിടയായ വിശപ്പിന്റെ അപ്രതിഹതമായ ചോദനത്താൽ ദുരാചാരത്തിന്റെ കാനനത്തിലകപ്പെട്ടു നീചലോകം നിർമ്മിച്ച സ്വാർത്ഥഭൂതത്തിനിരയായി രക്തവും മാംസവും ശോഷിച്ചു വെറും പേക്കോലങ്ങളായി തീർന്നവരാണു് ഞങ്ങൾ.

പരിശുദ്ധിയുടെ മണിമെത്തയിലാണ ഞങ്ങൾ ശൈശവത്തിൽ കിടന്നുറങ്ങിയിട്ടുള്ളതു്. നൈർമ്മല്യത്തിന്റെ നിലാവെളിച്ചത്താണു് ഞങ്ങൾ കൗമാരം നയിച്ചിട്ടുള്ളതു്. ധർമ്മബോധത്തിന്റെ ഉദ്യാനത്തിലാണ ഞങ്ങൾ യൗവനാരംഭത്തിൽ ഉലാത്തിയിട്ടുള്ളതു്.

ലോകത്തിൽ രണ്ടുവിധം വിശപ്പുണ്ടു്. ഒ

അവർ കടപ്പുറത്തെത്തി. പൂനിലാവിൽ കുളിച്ചു കിടന്നിരുന്ന വെൺമണലിൽ ഇരുവരും ഇരുന്നു. എന്നിട്ടും ആ ഭർത്താവു് നിശബ്ദമായിരിക്കുന്നതുകണ്ടു സ്നേഹിതൻ അമ്പരന്നു. ഏതോ കഠിനമായ ആഘാതം അയാൾക്കു ലഭിച്ചുവെന്നു മനസ്സിലാക്കിയ സ്നേഹിതൻ അയാൾ തന്നെ സംസാരിക്കുന്നതാണ നല്ലതെന്നു നിശ്ചയിച്ചു് നിശബ്ദനായിരുന്നു.

നിമിഷങ്ങൾ ചിലതങ്ങനെ കഴിഞ്ഞു. പനിമതി കരസ്പർശമേററു് പുളച്ചുകൊണ്ടിരുന്ന ആഴിയിലെ തിരമാലകളെ നോക്കിക്കൊണ്ടു നിശ്ചലനായിരുന്ന ആ യുവാവു് അവസാനം ആരോടെന്നില്ലാതെ ദീർഘനിശ്വാസത്തോടെ പറഞ്ഞു.—

"എന്റെ വിധി!"

സ്നേഹിതൻ അയാളുടെ കരം ഗ്രഹിച്ചുകൊണ്ടു മന്ദമായി ചോദിച്ചു.—

"എന്താണ സ്നേഹിതാ പറയൂ"

"എന്റെ ജീവിതം!" ദീർഘമായ മറെറാരു നിശ്വാസത്തിലൂടെ ഉയർന്ന കരുണമായ കരച്ചിൽ!

"എന്തു പററി? എന്നോടു പറയില്ലേ?" സ്നേഹിതൻ പരിഭവത്തോടെ ചോദിച്ചു.

നിമിഷനേരം നിശ്ശബ്ദനായിരുന്നിട്ടു ആ ഭാഗ്യഹീനനായ ഭർത്താവു പറഞ്ഞു.—

"അവൾ—അവൾ—പെണ്ണല്ല"

അതികഠിനമായ ഒരടി ശിരസ്സിലേററതുപോലെ ആ സ്നേഹിതൻ മരവിച്ചിരുന്നു. ആഴി ഗംഭീരമായി അലറി.

ന്ന ജഠരത്തിന്റേതു്. മററതു വികാരത്തിന്റേതു്. ഒന്നു ഞങ്ങൾ തീർത്തു പറയാം. വികാരപരമായ വിശപ്പും ദാഹവും ഞങ്ങളിൽ ഉൽക്കടമായിരുന്നില്ല കത്തിക്കാളുന്ന ജഠരാഗ്നിയുടെ ആക്രമണമാണ ഞങ്ങളെ നിന്ദ്യരാക്കിയതു്. ഞങ്ങൾ വലഞ്ഞു ഞങ്ങൾ എന്തു ചെയ്യണമെന്നറിഞ്ഞില്ല.

ഉദാരതയുടെ മൂടുപടമിട്ട സ്വാർത്ഥം ഞങ്ങളുടെ അടുക്കത്തു പുഞ്ചിരിതൂകി ഞങ്ങൾക്കു അന്നം തരാമെന്നു പറഞ്ഞു, ഞങ്ങളെ ആരാധിക്കാമെന്നു പറഞ്ഞു, അയ്യോ കഷ്ടം! ഞങ്ങൾ—അബലകളായ ഞങ്ങൾ—അതു വിശ്വസിച്ചു ആ പഞ്ചസാര പുരട്ടിയ നഞ്ചിൻഗുളികകൾ തിന്നു. ഞങ്ങൾ അധഃപതിച്ചു.

ഞങ്ങൾ ചില തെററു ചെയ്തു. ഞങ്ങൾ ആത്മാവിന്റെ വിലയറിയാതിരുന്നു. ഞങ്ങൾ ഐഹികസുഖങ്ങളുടെയും ശാരീരികസുഖങ്ങളുടെയും ലതികയിലെ മുകുളങ്ങളുലച്ചു. എന്നാൽ ഞങ്ങളൊന്നു ചോദിക്കട്ടെ. ഇതാരുടെ കുററമാണു്? ആരാണ ഞങ്ങളെ ഈ വിധത്തിലാക്കിയതു്

ഞങ്ങൾ വ്യഭിചാരിണികളായിട്ടല്ലാ ജനിച്ചതു്. അധഃപതനത്തിലല്ല കമിഴ്ന്നു നീന്തിയതു്. ദുരാചാരത്തിലല്ല ഞങ്ങൾ വളർന്നതു്. പിന്നെ എങ്ങിനെ ഞങ്ങൾ ദുഷിച്ചു? ലോകമേ, നിനക്കു ഉത്തരംപറയാൻ കഴിയും. നീ തന്നെയാണു് അതിന്റെയെല്ലാം കാരണക്കാരൻ.

ധർമ്മബോധത്തിന്റെ പുറംചട്ടയുമിട്ടുകൊണ്ടു് മൃഗീയത നിർമ്മിച്ച ഉടലോട്ടം നൈഷ്ഠുര്യം ചമച്ച താൽപര്യങ്ങളോടും കൂടി ധനലാഭമുണ്ടു സർവത്ര കാണപ്പെടുന്നു. ഇതാണ ഞങ്ങളുടെ ആരോഗ്യത്തിന്റെയും മാനത്തിന്റെയും ശവക്കുഴി മാന്തിയതു. അതാണ ഞങ്ങളെ വെറും അസ്ഥിക്കൂടങ്ങളാക്കിയതു്.

ആരോഗ്യവും ചൈതന്യവും വററിവരണ്ടു്, സൗന്ദര്യവും മാധുര്യവും അസ്തമിച്ചു് ചുറുചുറുക്കും ചോരത്തിളപ്പും വാടിവീണു്, രോഗത്തിന്റെയും അപമാനത്തിന്റെയും ആക്രമണത്താൽ തളർന്ന ജീവച്ഛവങ്ങളായി കഴിയുകയാണ ഞങ്ങൾ. അയ്യോ കഷ്ടം! ഞങ്ങളുടെ ജന്മം പാഴിലായി! ഞങ്ങളുടെ സൗഭാഗ്യം അസ്തമിച്ചു.

ലോകമേ, പൊന്നുടുപ്പിട്ട സമുദായമേ, നീയാണല്ലോ ഞങ്ങളെ ഒന്നിനും കൊള്ളാതാക്കിയതു്.

# ജൂസേപ്പറങ്കി

(7-ാം പേജിൽനിന്നു തുടർച്ച)

"ഇരുനൂററിരുപതു രൂപായ്ക്കു മേടിച്ചതല്ലേ?—" ജൂസേപ്പറങ്കി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

"അന്നു നൂററമ്പതു രൂപാ പറഞ്ഞിട്ടു കൊടുക്കാതിരുന്നതാണു ഇപ്പോ എഴുപത്തഞ്ചു രൂപായേ!......നൂററമ്പതു രൂപായിലൊററ ചില്ലി കുറഞ്ഞാ കൊടുക്കില—വേറെ ആരെങ്കിലുമുണ്ടാകും... അല്ലെങ്കി അങ്ങോട്ടു ഇരുമ്പുപിടിച്ചു പോ......"

ഹൃമകൾ!......ചീഞ്ഞതുപോലെ നാററമുള്ള മത്തക്കഥ...............

എഴുപത്തഞ്ചുറുപ്പികക്കുതന്നെ ആ മെഷീൻ കൊടുക്കേണ്ടിവന്നു. അതോർക്കുംതോറും ജൂസേപ്പറങ്കിയുടെ അകം നീറി; തല പുകഞ്ഞു.

പന്ത്രണ്ടുറുപ്പിക ഒരു മരുന്നുവാങ്ങിയ വകക്കു വൈദ്യനുകൊടുത്തു. മൂത്തമകളായ മറിയമ്മക്കു ഒരു കവായയും തുണിയും തലയിലിടാനുള്ളതും മേടിച്ചപ്പോൾ പത്തുറുപ്പികകൂടി തീർന്നു. ബാക്കിയുള്ളതു പീടികയിലും കൊടുത്തതാണെന്നു ഭാര്യ പറഞ്ഞതു്. പിന്നെയും അഞ്ചാറുറുപ്പികയുടെ അടുത്തു പീടികയിൽ കൊടുക്കാനുണ്ടു.

"ഇനി സുഖക്കേടുമാറുമോ?"..........ജൂസേപ്പറങ്കിയെ സദാ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നം;

അയാൾ പറയും:—

"ഇഞ്ഞി ഞാൻ മരിച്ചുപോകും—"

"ഇതിനെക്കാട്ടിലും വല്യക്കാട സുഖക്കേടു ദൈവം തമ്പുരാൻ മാററീട്ടില്ലേ?..." എന്നു പറഞ്ഞിട്ടു ഭാര്യ വണക്കമാസ പുസ്തകങ്ങളിലുള്ള "പുതുമ" കളിലെ തളർവ്വാതരോഗി ദൈവകാരുണ്യത്താൽ എണീററു സുഖമായി നടന്നിട്ടുള്ളതും മുറികാലന്‍ കാലു ലഭിച്ചിട്ടുള്ളതുമായ ആ സംഭവങ്ങളെ ഓർമ്മിപ്പിക്കും......മൂന്നു നാലു വർഷങ്ങളായിട്ടും ഒരു ചികിത്സകൊണ്ടും മാറാതിരുന്ന ഭയങ്കരമായ വ്രണങ്ങൾപോലും ഒരു രാത്രികൊണ്ടു ദൈവസഹായം കൊണ്ടു സുഖമായിട്ടുള്ള ആ കഥകൾ!

അതൊക്കെയും നടന്നിട്ടുള്ളതല്ലേ?... ജൂസേപ്പറങ്കി ആ കഥകൾ മറിയമ്മയേയും ത്രേസ്യാമ്മയേയുംകൊണ്ടു ഒഴിവുസമയങ്ങളിൽ വായിപ്പിച്ചുകേട്ടു....

തനിക്കു സുഖം തരുവാൻ ദൈവത്തോടു ജൂസേപ്പറങ്കി പ്രാർത്ഥിച്ചു. ഭാര്യയോടും മക്കളോടും പ്രാർത്ഥിക്കുവാൻ പറഞ്ഞു. അങ്ങനെ എല്ലാവരും പ്രാർത്ഥിച്ചു.

ദൈവം തനിക്കു സുഖം തരും! ജൂസേപ്പറങ്കി ആശിച്ചു. താൻ മരിക്കുകയാണെങ്കിൽ!... ഭാര്യയും മക്കളും—അവരെ നോക്കുവാൻ വല്ലവരുമുണ്ടോ?...

ദൈവകാരുണ്യമുണ്ടാകാതിരിക്കുമോ? മീൻമുള്ളുപോലെയുള്ള നെഞ്ചു തടവിക്കൊണ്ടു ജൂസേപ്പറങ്കി വ്യാധിയുടെ സർവ്വാധികാരിയുടെ മുമ്പിലിരുന്നെന്നോണം നെടുവീർപ്പിട്ടു.

* * *

പ്രാർത്ഥനകൾ ദൈവം കേട്ടതുപോലെ ജൂസേപ്പറങ്കിക്കനുഭവപ്പെട്ടു. വേദനയില്ല! ചുമയില്ല!

ഇരുളിലാണ്ട പ്രപഞ്ചത്തിനു പ്രകാശമരുളുവാൻ മേഘപ്പുതപ്പുകൾ നീക്കി പ്രഭാതസൂര്യനുയർന്നു. ആശ്വാസം ലഭിച്ച ജൂസേപ്പറങ്കി സാവധാനം എണീററിരുന്നു. അസാധാരണമായ ആ സംഭവം കണ്ടു ഭാര്യ അത്ഭുതപ്പെട്ടു; ആനന്ദിച്ചു. മക്കളെ എല്ലാം വിളിക്കുവാൻ ജൂസേപ്പറങ്കി പറഞ്ഞു. നാലു പുത്രിമാരുമെത്തി.

ജൂസേപ്പറങ്കിയുടെ ഉത്സാഹവും ആനന്ദവും...പഴയകാലം ഉയർത്തെഴുന്നേററതുപോലെ.

"ദൈവം നമ്മുടെ അപേക്ഷ കേട്ടു...." പരീക്ഷയിൽ വിജയം പ്രാപിച്ച ബാലൻ്റെ കൗതുകത്തോടെ ജൂസേപ്പറങ്കി പറഞ്ഞു.

"എനിക്കൊരു വേദനേമില്ല, ശ്വാസംമുട്ടലുമില്ല...."

"ഞാൻ പറഞ്ഞില്ലേ ദൈവം തമ്പുരാൻ സുഖോക്കോന്നു്—' ഭാര്യ കൂട്ടിച്ചേർത്തു.

"സുഖോയില്ലേ ഈ കുടുമ്മം നോക്കാനാരാണുള്ളതു്? വേറെ ആരുമില്ലെന്നു ദൈവം തമ്പുരാനറിഞ്ഞൂടെ. ഇരുത്താരെതുള്ള പ്രാർത്ഥന താൻ കേക്കാതിരിക്കുമോ...'

താൻ മരിക്കുകയാണെങ്കിൽ!— തൻ്റെ കുടുംബത്തെ ആരാണു നോക്കുവാനുണ്ടാകുക... ജൂസേപ്പറങ്കി ആലോചിച്ചു.

ആ വീട്ടിലെ അസാധാരണമായ ആഹ്ലാദത്തിൽ പങ്കെടുക്കുവാനെന്നോണം. മറിയമ്മയുടെ കോഴിയും കുഞ്ഞുങ്ങളും കൂടി അങ്ങോട്ടു കയറിവന്നു.

രോമം മാത്രമുള്ള ആ ഉണക്കഞ്ഞുങ്ങൾ ത
റകിനു കീഴിൽ കൂടി ഉരുണ്ടുരുണ്ടു
സപ്പറങ്കിക്കു ഒരു

"നേരം വെളുത്തതുള്ളൂ. കോഴീം കുഞ്ഞുങ്ങളും അകത്തേക്കു വന്നല്ലോ"—മറിയമ്മ പറഞ്ഞു.

"തന്റെ കോഴിയല്ല—" ത്രേസ്യമ്മ പറഞ്ഞു. "അതിപ്പത്തന്നെ ഇവിടെ മുഴുവൻ നാറിക്കും താൻതന്നെ കോരിക്കളഞ്ഞോ!"

ഒരു നിമിഷനേരം ജൂസേ പറങ്കി എന്തൊക്കെയോ ആലോചിച്ചുപോയി. മതിലിൽ പറ്റിപ്പിടിച്ചുണങ്ങിയിരിക്കുന്ന മഞ്ഞനിറമായ കഫക്കട്ടകളിലേക്കു ജൂസേ പറങ്കിയുടെ കണ്ണുകൾ പതിച്ചു. . . . .

വ്യാകുലത നിറഞ്ഞ ജീവിതത്തിന്റെ ഓർമ്മകൾ! നിസ്സഹായതയിലൂടെ നീങ്ങിയ ആ നിമിഷങ്ങൾ ജൂസേ പറങ്കി ഓർക്കുകയാണു്. അതൊക്കെയും അവസാനിച്ചില്ലേ? എന്തൊരാശ്വാസമാണിപ്പോൾ! വേദനയില്ല. ചുമയില്ല; ഞെരുക്കമില്ല; ശ്വാസംമുട്ടലുമില്ല!

"എനിക്കു നല്ല സുഖമുണ്ടിപ്പ—" ആ കുടുംബനായകൻ തുടർന്നു. "മണ്ണുവെള്ളകുടി എവിടെ?"

"അവനൊറങ്ങണു്" മറിയമ്മ മറുപടി പറഞ്ഞു.

"എന്റെ പൊന്നുങ്കുട്ടനെ ഇങ്ങോട്ടു കൊണ്ടുവന്നേ" ജൂസേ പറങ്കി പറഞ്ഞു.

"ഇച്ചിരികൂടി കഴിഞ്ഞാവ ഒണരും"—ത്രേസ്യ മറുപടി പറഞ്ഞു.

"ഇച്ചിരി സുഖം കണ്ടെന്നുവച്ചു ശരീരമൊന്നും അനക്കണ്ട. സുക്കേടു് പോവുവഴിക്കേപോട്ടെ. പിന്നെ നമ്പട സൂക്ഷക്കേടിനു ഒന്നും ഒണ്ടാക്കണ്ട......"

അതു ശരിയാണെന്നു ജൂസേ പറങ്കിക്കു തോന്നി. തന്റെ ശരീരത്തിനിപ്പോൾ വേണ്ടത്ര ശക്തിയില്ല. സൂക്ഷിക്കണം.

സൂക്ഷിക്കാതിരുന്നാൽ—സുഖക്കേടു് വീണ്ടുമുണ്ടായാൽ—ജൂസേ പറങ്കിക്കു തീർക്കുവാൻ വല്ലാ......ത്രേസ്യയുടേയും മക്കളുടേയും സ്ഥിതി....?

ഒടുവിൽ തന്റെ സുഖക്കേടു് ഭേദമാക്കിയതിനു ദൈവത്തിനുവേണ്ടി ഇരുന്നു രാത്രി ഒരു് "ഉറക്കമൊഴിക്കൽ" കഴിക്കണമെന്നു ജൂസേ പറങ്കി പറഞ്ഞു. അയൽവാസികളേയും ക്ഷണിക്കണം. ഹർമ്മോണിയും പാട്ടുകാരും വേണം.

ചില അസൌകര്യങ്ങൾ മൂലം ഉറക്കമൊഴിക്കൽ അടുത്ത ദിവസത്തേക്കു നീക്കിവെക്കേണ്ടിവന്നു.

പകലിനെ, രാത്രി പെട്ടെന്നു വിഴുങ്ങുകയാണെന്നാണു ജൂസേ പറങ്കിക്കു തോന്നിയതു്. ചെറിയ ഒരു പകൽ!

രാത്രി കുറെ ചെന്നപ്പോൾ ജൂസേ പറങ്കി

# കൊടുങ്കാറ്റിൽ

(കെ. ആർ. മച്ചിങ്ങൽ, മാഹി)

ഇസ്സൗധം തകർന്നേക്കാമിത്തിരികഴിയുമ്പോൾ
ഇക്കൊടുംകാറ്റിക്കൂട്ടപ്പണിയും തീർത്തേനിൽക്കൂ!
എത്രഞാൻ യത്നിച്ചാലും ഇത്താണ്ടുംപട്ടകുഴി-
യൊക്കെയന്തടിക്കാറുണ്ടെന്നിക്കുത്തരണ്ടിയും
വന്നു.

"ഇന്നലെയ്ക്കടജ്ഝം താമസപടംമൂടി-
രാപ്പിറാചികളെങ്ങോ കൊണ്ടുപോയൊഴിഞ്ഞ
പ്പോൾ
ഇപ്പുറപക്ഷത്തിന്റെ പൊരുളുംതെളിയിച്ചാ-
"പ്പൂരുമീൻ" കാലത്തിങ്കൽ നാശംചലംപ
സിച്ചപ്പോൾ;
വൃദ്ധാശവെള്ളിത്തിരിയേന്തി വാത്സല്യാരാ
മുന്മുഖം ധരിത്രിയെയോർത്തു പാർത്തിരുന്ന
പ്പോൾ;
ഭൈത്തിക്കൊന്മാദംതാവുംഞാനെത്രയാശിച്ചിരു-
ന്നീനവോദയംആശാഭാസുരമാകാനെന്നായ്.
'ഇന്നിന്റെ പുതുപ്പിറപ്പന്നാശാക്രൂരംമൂട്ട-
മീനിരാശപോലങ്ങുമത്തലമുടിക്കുന്നു!
പൊന്നോമിച്ചനിടേണ്ടമിപ്പുതുപ്പുലരിയും
ഇന്നേവം നിശ്ശൂന്യമാംവൈരൂപ്യംകൈക്കൊ
ർന്നാവോ?
ഇരുമങ്ങൽവെളിച്ചത്തിൽ ചൂടാന്നുംപുകച്ചേന്നും
ഭീകരരൂപംപൂണ്ട മുറുകൊട്ടകൾക്കുള്ളിൽ
നാണിച്ചുംഖേദിച്ചുംഞാനെന്നെനോക്കിക്കുണ്ടാം
നാളിതു കുറുങ്കാട്ടിൽ സിംഹരാജനെപ്പോലെ?
പോകട്ടേ മിന്നാട്ടഹസ്സന്നിതുംകൂടി, പ്രക്ഷു-
മാദ്ദശകൾക്കങ്ങും തെല്ലുമാശ്രയമില്ലാ മേലിൽ
ചിന്തിക്കുമാറിപ്പോൾ ഞാൻകാലത്തിൽ പരി
ണാമ-
മൂർജ്ജയം ലോകത്തിന്റെപരിവർത്തനശീലം
ഇന്നലെക്കൊട്ടകാറു, ഭീകരഘോഷപാര—
മിന്നു; തീമല നാളെപ്പുകഞ്ഞു പൊട്ടുന്നനം.
പിന്നെ മാദ്ദശകൾ ജീവിക്കില്ലിടമെങ്ങും—
ജീവിതമിതും പൂക്കെത്തെരിഞ്ഞുതുലഞ്ഞേക്കാം

* * * * *

ഇസ്സൗധംതകർന്നേക്കാമിത്തിരികഴിയുമ്പോൾ
ഇക്കൊടുംകാറ്റിക്കൂട്ടപ്പണിയുംതീർത്തേനിൽക്കൂ

ശ്ശ ശ്വാസം മുട്ടിത്തുടങ്ങി.........

അർദ്ധരാത്രിയായപ്പോൾ ആ വീട്ടിൽനിന്നു ദയനീയവും അത്ഭുതവുമായ ഒരു കൂട്ടനിലവിളി ഉയർന്നു.

—o—

# ക്ലാസിസിസം

(വക്കം എം. അബ്ദുൽഖാദർ) (തുടർച്ച)

ഏതിലും, ജീവിതത്തിന്റെ എല്ലാ തുറകളിലും ഒരു മാറ്റവും വ്യവസ്ഥയും ചിട്ടയും വരുത്തുവാൻ വേണ്ടിയുള്ള അവരുടെ വിചാരങ്ങളും പ്രവൃത്തികളും എല്ലാ വിഷയങ്ങളിലും വ്യാപരിച്ചിരുന്നു. അന്നത്തെ സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും നായകന്മാർ അവരായിരുന്നു. കേവലം സാഹിത്യകാരന്മാരെപ്പോലെയല്ല മനുഷ്യസമുദായത്തിന്റെ പ്രബോധകന്മാരായും അദ്ധ്യേതാക്കളായും മാർഗ്ഗദർശികളായും അവർ വർത്തിച്ചു. നന്മതിന്മകളെ സംബന്ധിച്ച പരിചിന്തനങ്ങളാണ് അവരുടെ സേവനങ്ങൾ. അവരുടെ പ്രതിഭയും വ്യക്തിമാഹാത്മ്യവും അവരുടെ സാരോപദേശങ്ങളും ഇന്നും ഓരോ പ്രകാരത്തിൽ നമ്മുടെയിടയിൽ ജീവിക്കുന്നു. ഇതാണ് ക്ലാസിസിസത്തിന്റെ ദീർഘായുസ്സ്.

യുവാവ്—അവരുടെ ജീവിത വീക്ഷണം ഭൗതികമോ ആത്മീയമോ ഏതാണ്?

വൃദ്ധൻ—അവരെ ഭൗതികവാദികളായി ഗണിക്കുന്നത് തെറ്റാണ്. എന്നാൽ ഭൗതികത്വം അവരിൽ വേരുറച്ചിരുന്നു. ബുദ്ധിയിൽ കൂടിയുള്ള മതപരമായ മനോഭാവത്തെയാണ് അവർ അവലംബിച്ചിരുന്നത്. "ആത്മാവ്" എന്നു പറയപ്പെടുന്നതിനെ അവർ ധിക്കരിച്ചില്ലെങ്കിലും യുക്തിയെ അവർ വണങ്ങി; അതിന്റെ മേധാവിത്വത്തെ അവർ എതിർത്തില്ല. മനുഷ്യസമുദായത്തിന്റെ കായികവും മാനസികവുമായ ജീവിതവശങ്ങളെ നിയന്ത്രിക്കുന്നതിലും നിയമവിധേയമാക്കുന്നതിലും ക്ലാസിസിസത്തിന് കഴിഞ്ഞിരുന്നുവെന്നുള്ളതാണ് അതിന്റെ ഏറ്റവും പ്രധാനമായ പ്രത്യേകത. ആഭ്യന്തരമായ സംസ്കാരവും ബാഹ്യമായ നാഗരികതയും ഒന്നായിത്തീർന്ന അവസരത്തിലും നാഗരികത സംസ്കാരത്തിന്റെ സ്ഥാനം കൈയേറ്റിത്തുടങ്ങിയ അവസരത്തിലുമാണ് ക്ലാസിസിസം സാഹിത്യത്തിൽ ആവിർഭവിച്ചത്.

യുവാവ്—ക്ലാസിസിസത്തിന് ഇക്കാലത്തു വല്ല നിലയും വിലയുമുണ്ടോ?

വൃദ്ധൻ—പൊതുവെ പറയുകയാണെങ്കിൽ ക്ലാസിസിസം ഇന്നു പൊളിഞ്ഞു പോയിരിക്കുകയാണ്.

യുവാവ്—എന്താണതിന്റെ പ്രധാന ഹേതുക്കൾ?

വൃദ്ധൻ—ജീവിതത്തെയും പ്രപഞ്ചത്തെയും സംബന്ധിച്ച് നമുക്കുണ്ടായിരുന്ന അറിവും ചിന്തയും പരിവർത്തിച്ചതാണ് അതിന്റെ ഏറ്റവും പ്രധാന കാരണം.

യുവാവ്—ഈ പരിവർത്തനത്തെ നയിക്കുന്ന പ്രധാന സംഗതികളെന്താണ്?

വൃദ്ധൻ—ഇന്നത്തെ ശാസ്ത്രങ്ങളും തത്വജ്ഞാനീയവും. അവ നമ്മുടെ താൽപര്യങ്ങൾ, വീക്ഷണങ്ങൾ, വിചാരങ്ങൾ, വികാരങ്ങൾ എന്നിവയെ സാരമായി ബാധിക്കുന്നു.

യുവാവ്—അപ്പോൾ ക്ലാസിസിസം നിശ്ശേഷം നിർജ്ജീവമായിത്തീർന്നുവോ?

വൃദ്ധൻ—അങ്ങിനെതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ക്ലാസിസിസത്തിന്റെ മാർഗ്ഗങ്ങൾ ഇന്ന് മൂടപ്പെട്ടുപോയി. അതിന്റെ പ്രചരണം തടയപ്പെട്ടിരിക്കുന്നു എന്നാൽ ആ മാർഗ്ഗത്തെ വെട്ടിത്തെളിക്കുവാൻ വെമ്പുന്ന ചിന്തകന്മാർ ഇന്ന് ഇല്ലെന്നു പറഞ്ഞുകൂടാ.

യുവാവ്—അതിനു അവരെ പ്രേരിപ്പിക്കുന്ന സംഗതികളെന്താണ്?

വൃദ്ധൻ—ക്ലാസിസിസത്തിന്റെ സ്പിരിട്ടിനെ അല്ലെങ്കിൽ ജീവചൈതന്യത്തെയാണ് അവർ ഉജ്ജീവിപ്പിക്കാൻ ഉദ്യമിക്കുന്നത്. അതിന്റെ സാങ്കേതിക മാർഗ്ഗങ്ങളെയല്ല; അറിവിന്റെയും ചിന്തയുടേയും വികാസത്തിന് ഈ സ്പിരിറ്റിന്റെ ഉജ്ജീവനം അപേക്ഷണീയമെന്ന് അവർ വിചാരിക്കുന്നു.

യുവാവ്—അഭിനവ സാഹിത്യം ക്ലാസിക്കൽ സാഹിത്യത്തിൽ നിന്ന് നിശ്ശേഷം വേർപെട്ടിരിക്കുകയാണോ?

വൃദ്ധൻ—നവീന സാഹിത്യത്തിന്റെ പോക്ക് ക്ലാസിസിസത്തിന്റെ വഴിയിൽ കൂടിയല്ലെന്ന് തീർത്തു പറയാം. എന്നാൽ ക്ലാസിസിസത്തിൽനിന്ന് അതു മഹത്തായ പ്രേരകശക്തികളേയും പ്രചോദനത്തേയും വരിക്കാതിരിക്കുന്നില്ല. പുരാതന യവനരുടെ പ്രതിഭാവിലാസവും വിജ്ഞാനതൃഷ്ണയും എല്ലാ കാലങ്ങൾക്കും എല്ലാ രാജ്യങ്ങൾക്കും മഹത്തായ പ്രേരകശക്തികളായിത്തീർന്ന അവശേഷിക്കും. അരിസ്റ്റോട്ടലിന്റെയും പ്ലേറ്റോവിന്റെയും ആശയങ്ങളിൽ പലതും ഇന്നും നമുക്ക് വഴി കാട്ടുന്നു. അവരുടെ ഈ സ്ഥലകാലാ

ഹാസ്യഭാവന

# ഭയഹേതു

(തുമ്പരപ്പള്ളി)

«കേളപ്പനങ്ങുന്നു ജെയിലീന്നു വന്നു
നീളില്ലസ്വാതന്ത്ര്യലബ്ധിക്കു കാലം
വാളിന്റെ തുമ്പത്തു രാജ്യം ഭരിച്ചാൽ
കോളില്ല ഞെട്ടുന്നു; ശ്രീരാമരാമാ.

വൈക്കത്തു മന്നം കഴിച്ചിട്ട വിത്തു,
വേഗം പടർന്നു വടക്കോട്ടുതാനു്
ചൊൽക്കൊണ്ട സത്യാഗ്രഹത്താൽ യശസ്സു്
കൈക്കൊണ്ടൊരാളല്ലേ; ശ്രീ......

ഉണ്ണാവ്രതംകൊണ്ടനന്തങ്ങളാകും
പൂർണ്ണാവകാശം കണക്കിട്ടുവാങ്ങാൻ
ദണ്ഡം സഹിച്ചും ഭവാൻ ചെയ്ത കർമ്മം
പൊണ്ണന്മാരോർക്കുന്നോ; ശ്രീ......

പാലും പഴവും നിരാഹാരമദ്ധ്യ
ചേലിൽ ഭവാൻ! (ഞാനതോർക്കില്ല ചിത്തേ)
വാലററവർക്കും പുലമ്പുന്നതല്ലോ!
കാലം കലിയല്ലേ; ശ്രീ......

സ്വന്തം ഗുണംവിട്ടു നാട്ടിന്റെ നന്മ-
യ്ക്കൂണും സഹിപ്പാനൊരുങ്ങുന്നൊരങ്ങേ,
എന്തിന്നു ലോകം പുകഴ്ത്തുന്നു "സെക്കൻറ്-
ഗാന്ധി"പ്പദംകൊണ്ടു; ശ്രീ......

കമ്മ്യൂണിസംകൊണ്ടു വിശ്വം മുടിക്കാ-
നമ്മിഞ്ഞ മാറാത്ത പിള്ളർക്കു മോഹം
നിർമ്മാണപന്ഥാവു സൃഷ്ടിച്ച ഗാന്ധി
ധർമ്മാതിരിക്കില്ലേ; ശ്രീ......

വീട്ടീന്നു തല്ലിപ്പുറത്താക്കിയോരോ
നാട്ടിന്നു നേതൃത്വമേകും സഖാക്കൾ
തട്ടിപ്പു കാട്ടേണ്ട കാലം കഴിഞ്ഞു
മട്ടാകെ മാററട്ടെ; ശ്രീ......

കോഴക്കു കൈനീട്ടി ലോകം വിരട്ടി
പാഴ്‌വേലകൊണ്ടല്ലേ കാലംകഴിപ്പൂ!
"കോഴിപ്പുറ"ത്തിന്റെ മദ്രാസ്പ്രസംഗം
ഭേഷിന്റെ ഭേഷല്ലേ; ശ്രീ......

കൈക്കൂലി, കള്ളക്കരിഞ്ചന്ത, സർക്കാർ-
ച്ചക്കാത്തതൊക്കെസ്സഖാക്കൾക്കു ചേരും
നീർക്കോലിവർഗ്ഗത്തെപ്പോലെ മുടിക്കാ-
നോർക്കേണ്ട മററാരും; ശ്രീ......

വാരപ്പതിപ്പിൽ തൊടുത്തങ്ങയസ്സും
വാഗസ്ത്രശസ്ത്രം തരസ്സാ സഖാക്കൾ
വാടിക്കരിഞ്ഞും വിറച്ചും വിയർത്തും
വാവിട്ടുകേഴുന്നു; ശ്രീ......

മീററിംഗു കൂടി പ്രസംഗം തുടർന്നാൽ
ചട്ടമ്പിമാരില്ലേ നമ്മൾക്കനേകം!
മററെന്തു വന്നാലും പുല്ലില്ല, കോൺഗ്രസ്സ്
പാർട്ടിക്കു നേരെററു; ശ്രീ......

"ലീഗി"ന്റെ കാര്യം പുലമ്പികഴിക്കും
സാഹിബ് "ജിന്നാ"ക്കു മൂലക്കു ഭംഗം
സ്വാതന്ത്ര്യമില്ലെങ്കിലെന്താണെ? മുസ്ലിം-
സ്വാതന്ത്ര്യമേകാമോ? ശ്രീ......

നാട്ടിന്റെ കാര്യം കിടക്കട്ടെ,യിപ്പോൾ
വോട്ടിന്റെ കാര്യം നമുക്കുള്ള പ്രശ്നം.
തട്ടിപ്പെടുത്താലുമാവട്ടെ, കാര്യം
പററിച്ചേ പററുള്ളൂ; ശ്രീ......
തന്ത്രത്തിലൊന്നെട്ടു മട്ടൻ പ്രസംഗം
മന്ത്രിച്ചു ജയിലൊന്നു കേറികഴിഞ്ഞാൽ
പിന്തത്തിൽ നാട്ടിന്നു നേതാവു്, കോൺഗ്രസ്സ്-
മന്ത്രിപ്പദം, പോരേ! ശ്രീ......
നിൽക്കട്ടെ, വോട്ടൊന്നു തീർന്നോട്ടെ മന്ത്രി
സ്ഥിററിങ്ങു കിട്ടട്ടെ; ലീഗാ! സഖാവേ!
ഒക്കെത്തകർക്കാതെ വിട്ടേക്കുമോയി
ലക്കററ വർഗ്ഗത്തെ, ശ്രീ......

.... ... ...

എന്നാലുമെന്തോ എനിക്കെന്റെ സാറേ
നന്നേ ഭയപ്പാടു തോന്നുന്നു വേറെ!
മുന്നോട്ടു പോകുന്ന കാലം; മറിച്ചും
വന്നുകൂടെന്നില്ലല്ലോ!!...ശ്രീരാമരാമാ!—

---

രീതത്വമാണു് ക്ലാസ്സിസിസത്തിന്റെ ബലത്തെയും ദാർഢ്യത്തെയും സൃഷ്ടിക്കുന്നതു്.

യുവാവു്—ക്ലാസ്സിസിസത്തെപ്പററി സാമാന്യമായി അറിയുവാനും ചിന്തിക്കുവാനും ഉള്ള ചില ഉപാധികൾ അവിടുന്നു് എനിക്കു നൽകിയിരിക്കുന്നു. ഈ കാര്യങ്ങളുടെ അടിസ്ഥാനത്തിൽനിന്നുകൊണ്ടു് അതേപ്പററി ഞാൻ കൂടുതൽ അറിയുവാൻ ശ്രമിക്കുന്നതാണു്. അടുത്ത തവണ എനിക്കു് റൊമാൻറിക്കു് സാഹിത്യത്തെപ്പററി പറഞ്ഞുതരണമെന്നപേക്ഷിക്കുന്നു.

സൂര്യൻ അസ്തമിച്ചു കഴിഞ്ഞു. നേരിയ ഇരുൾ വ്യാപരിച്ചു തുടങ്ങി. നമ്മുടെ വൃദ്ധനും യുവാവും അവിടെ നിന്നു് അവരുടെ ലക്ഷ്യങ്ങളിലേക്കു നടന്നുപോയി.

# ഭദ്രദാരുതൈലം

വാതരോഗങ്ങൾക്കു കൈകണ്ട മരുന്ന്. മരപ്പ്, തരിപ്പ്, വെട്ടൽ, സ്തംഭനം, നീർക്കെട്ട് മുതലായവയെ ഉടനെ ശമിപ്പിക്കുന്നു.

൪ ഔൺസ് കുപ്പി ൧—ക്ക് ൪ ചക്രം

# സിദ്ധൗഷധം

ഇന്ദ്രിയസ്ഖലനം ഹേതുവായിട്ട് കണ്ണുകുഴിഞ്ഞും, കവിളൊട്ടിയും വികൃതരൂപികളായവരും, ശീഘ്രസ്ഖലനത്താൽ നിരാശരായവരും. ധാതുപുഷ്ടിക്കുവേണ്ടി ശുക്ലസംരക്ഷിണി ഗുളികതന്നെ സേവിക്കണം. ഡസൻ ൧-ക്കു ൩ രൂപാമാത്രം.

കെ. കെ. വൈദ്യൻ, ധന്വന്തരി വൈദ്യശാല,
കോട്ടയം, തിരുവിതാംകൂർ.

# തച്ചുശാസ്ത്രം

സംബന്ധിച്ച എല്ലാ അവശ്യങ്ങൾക്കും ആ വിഷയത്തിൽ പരക്കെ പ്രസിദ്ധി നേടിയ കാണിപ്പയ്യൂർ മനയ്ക്കലെ ഇന്നത്തെ പണ്ഡിതനായ ശങ്കരൻ നമ്പൂതിരിപ്പാടവർകൾക്കു എഴുതിയാൽ മതി.

A. O. & P. O കുന്നംകുളം.





## ജൂപ്പിറ്റർ പദപ്രശ്നം 1

ഉത്തരം—1] നാടകം. 2] പുരാടം. 3] മണ്ണ്.

4] ത്രയോദശി. 5] വള്ളം.

സമ്മാനം ജനുവരി 15-ാംനു-ക്ക് ഇവിടെ നിന്നയയ്ക്കുന്നതാണ്.

മാനേജർ

Printed and Published by P. J. Joseph at the Powra Prabha Press Kottayam

Reg. No T. 7 License No. 368 Dated 1st March 1939

# CHITRODAYAM KOTTAYAM.


## A BOON TO ALL MUSIC LOVERS !!

Parents ! Send Your Children

TO

**Menon's Acadamey of Music**

**ALWAYE**

THE BEST INSTITUTION

IN THE

STATE

IMPARTING SCIENTIFIC MUSIC

*Principal*

M. R. P, MENON

---

## THE ORIENTAL TIMBER PRODUCTS.

KANJIKUZHI, KOTTAYAM

**BEST SERVICE - TERMS MOST ATTRACTIVE.**

---

**പ്രതിമ**

കെ. രാമകൃഷ്ണപിള്ള

വില 1 ക.

ദുഷിച്ച ഒരു ഭരണാധികാരിയുടെ ജീവിതത്തെ ഭംഗിയായി ചിത്രീകരിക്കുന്ന മികച്ച രാഷ്ട്രീയ നാടകം.

ഉടനെ വി. പി. യായി അയയ്ക്കുവാനെഴുതുക.

നാഷനൽ ബുക്ക്സ്റ്റാൾ. കളരിക്കൽബസാർ, കോട്ടയം.

---

**ശ്രീ. ഈ. എം. കോവൂർ അവർകളുടെ**

സൽക്കാരം—ഒന്നാംഭാഗം വില 1 ക.

സൽക്കാരം—രണ്ടാംഭാഗം വില 1 ക.

ഞാൻ കണ്ട ഈ. വി. വില 1 ക. 8 ണ.

കൂടാതെ എല്ലാ പുതിയ പുസ്തകങ്ങളും വില്പാനുണ്ട്.

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ, കോട്ടയം.